2. സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) കേന്ദ്രഗവൺമെന്റിന്റെ കയറ്റിറക്കു നയം മൂലം പ്രതിസന്ധിയിലായ തേയില വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് നടപടി

(27-6-2003-ൽ ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം) ചർച്ച (തുടർച്ച)

ശ്രീ. ഇ. എം. അഗസ്തി (തുടർച്ച): കേന്ദ്ര ഗവൺമെന്റിന്റെ കയറ്റിറക്കുമതി നയംമൂലം പ്രതിസന്ധിയിലായ തേയില വ്യവസായത്തേയും വ്യവസായത്തിലെ പ്രതിസന്ധിമൂലം പട്ടിണിയിലും ദുരിതത്തിലുമായ തൊഴിലാളികളേയും സംരക്ഷിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ടാണ് ഞാൻ എന്റെ സംസാരം തുടങ്ങിയത്. ഇത് ഈ സഭയ്ക്ക് യോജിക്കാൻ കഴിയുന്നതും തർക്കത്തിന് കാര്യമില്ലാത്തതുമായ വിഷയമാണെന്ന് ഞാൻ കരുതുന്നു. ഇവിടെ കേന്ദ്ര ഗവൺമെന്റ് ൧൯൯-ൽ നടപ്പിലാക്കിയ നയമാണ് തേയില വ്യവസായത്തെ പ്രതിസന്ധിയിലാക്കിയത്. നമ്മുടെ അയൽ സംസ്ഥാനമായ ശ്രീലങ്ക ഏറ്റവും താണ കാളിറ്റിയുള്ള തേയില ഉൽപ്പാദിപ്പിക്കുന്ന രാജ്യമാണ്. ശ്രീലങ്കയിൽ ഉൽപ്പാദിപ്പിക്കുന്ന തേയില ഇന്ത്യൻ മാർക്കറ്റിലേക്ക് കടന്നു കയറുകയാണ്. ലോകത്തിലെ ഏറ്റവും വലിയ തേയില ഉൽപ്പാദക രാജ്യമാണ് ഇന്ത്യ. പക്ഷെ, അതുപോലെതന്നെ ലോകത്തിൽ ഏറ്റവും കൂടുതൽ തേയില ഉപയോഗിക്കുന്നതിൽ മുൻപിൽ നിൽക്കുന്ന രാജ്യവും ഇന്ത്യയാണ്. ഉൽപ്പാദനത്തിന്റേയും, ഉപഭോഗത്തിന്റേയും കാര്യത്തിൽ മുമ്പിൽ നിൽക്കുന്ന രാജ്യത്ത് ഈ വ്യവസായം പ്രതിസന്ധിയിലാകാനുള്ള കാരണം അയൽ രാജ്യമായ ശ്രീലങ്കയിൽ ഉൽപ്പാദിപ്പിക്കുന്ന തേയില ഇന്ത്യൻ മാർക്കറ്റിൽ വരികയും ഇന്ത്യൻ തേയിലയുമായി അത് മിക്സ് ചെയ്ത് വിദേശ കമ്പോളത്തിലേക്ക് പോവുകയും ചെയ്യുന്നതാണ്. അതിന്റെ ഫലമായി ഇന്ത്യയിലെ പരമ്പരാഗത വിദേശ കമ്പോളങ്ങൾ നഷ്ടപ്പെടുകയാണ്. ഏറ്റവും കൂടുതൽ തേയില വാങ്ങിയിരുന്നത് സോവിയറ്റ് യൂണിയനായിരുന്നു. സോവിയറ്റ് സമ്പദ്ഘടനയുടെ തകർച്ചയ്ക്കു ശേഷം സോവിയറ്റ് യൂണിയന് അങ്ങനെ തേയില വാങ്ങാൻ കഴിയാത്ത സ്ഥിതി വന്നു. ഏറ്റവും അവസാനമായി ഏറ്റവും കൂടുതൽ തേയില വാങ്ങിക്കൊണ്ടിരുന്ന രാജ്യം ഇറാക്ക് ആയിരുന്നു. ഇറാക്ക് യുദ്ധത്തിനുശേഷം ഇനി ഇന്ത്യയിൽ നിന്ന് തേയില വാങ്ങുമോ എന്നുപോലും വ്യക്തതയില്ലാത്ത സാഹചര്യമാണുള്ളത്. വീണ്ടും ഇപ്പോഴത്തെ പ്രതിസന്ധി രൂക്ഷമാകാനുള്ള സാഹചര്യം നിലനിൽക്കുന്നു. ഈ അതീവഗുരുതരമായ പ്രതിസന്ധി നിൽക്കുമ്പോഴും ശ്രീലങ്കയിൽ നിന്നും തേയിലയുടെ ഇന്ത്യയിലേക്കുള്ള കടന്നാക്രമണം നേരിടുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന് കഴിയുന്നില്ല എന്നതാണ് ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ദുഃഖകരമായ കാര്യം. ശ്രീലങ്കൻ കരാർ ഉണ്ടാക്കിയിട്ടുണ്ട്. 'Srilankan Tea Trade Agreement' എന്നാണ് അതിന്റെ പേര്. സാർക്ക് രാജ്യങ്ങൾക്കുവേണ്ടി ഇൻഡ്യയുടെ വിപണി തുറന്നുകൊടുക്കുവാൻ തീരുമാനിച്ചതിന്റെ ഫലമായി ശ്രീലങ്കയിൽനിന്ന് യഥേഷ്ടം സാധനങ്ങൾ ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യാം. അതിനു പറയുന്ന പേര് 'import for re-export' എന്നാണ്. ഇൻഡ്യയിൽ ഇമ്പോർട്ട് ചെയ്തിട്ട് അത് ഇൻഡ്യയിൽ എക്സ്പോർട്ട് പ്രൊമോട്ടു ചെയ്യുന്നു എന്നാണ് വിചാരിക്കപ്പെടുന്നതെങ്കിലും ഗുണനിലവാരമില്ലത്ത തേയില ഇൻഡ്യയിലേക്ക് വരുകയാണ്. അങ്ങനെ 15.75 ശതമാനം ഇമ്പോർട്ട് ഡ്യൂട്ടി മാത്രമേ അവർ കൊടുക്കുന്നുള്ളു. അങ്ങനെ കുറഞ്ഞ ഇമ്പോർട്ട് ഡ്യൂട്ടി നൽകി ഇൻഡ്യയിലേക്ക് തേയില വരുകയും ഇൻഡ്യൻ തേയിലയുമായി ബ്ലന്റു ചെയ്യുകയും ചെയ്യുന്നു. പിന്നീട് ആ തേയില വിദേശത്തേക്ക് പോകുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : Please conclude, only two minutes....

ശ്രീ. ഇ. എം. അഗസ്തി : അല്ല സർ, എനിക്ക് പത്തു മിനിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതിനു മുമ്പ് കുറേ പറഞ്ഞല്ലോ? ഇപ്പോൾ രണ്ടു മിനിട്ടാണ് അനുവദിച്ചത്. You are allowed only two minutes.

ശ്രീ. ഇ. എം. അഗസ്തി : എന്നാൽ ഞാൻ സംസാരിക്കുന്നില്ല. ഇങ്ങനെ പറഞ്ഞിട്ട് കാര്യമുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഞാൻ എന്ത് ചെയ്യാനാണ്, തീരുമാനിച്ചതനുസരിച്ച് ചെയ്യേണ്ട ബാധ്യത എനിക്കില്ലേ? I am bound to do so.

ശ്രീ. ഇ. എം. അഗസ്തി : അവസാനിപ്പിച്ചാലോയെന്ന് ആലോചിക്കുകയാണ്. ഇങ്ങനെ തുടങ്ങിയാൽ എന്തുചെയ്യും? കേന്ദ്ര ഗവൺമെന്റ് 1993-ൽ തേയിലയ്ക്ക് എക്സൈസ് ഡ്യൂട്ടി നിർത്തലാക്കിയതാണ്. 1998-ൽ എക്സൈസ് ഡ്യൂട്ടി പുനരാരംഭിച്ചു. എക്സൈസ് ഡ്യൂട്ടി പുനരാരംഭിച്ചപ്പോൾ,...

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അവിടെ കുടിയിരുന്നു ബഹളം ഉണ്ടാക്കുന്നു. അദ്ദേഹത്തിന് സംസാരിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, അദ്ദേഹം സംസാരിക്കട്ടെ. അദ്ദേഹത്തെ ഉപദ്രവിക്കരുത്.

ശ്രീ. ഇ. എം. അഗസ്തി : ഒരുവിധപ്പെട്ട ഉപദ്രവമൊന്നും എനിക്ക് പ്രശ്നമല്ല. അതുകൊണ്ട് അങ്ങ് ആശങ്കപ്പെടണ്ട. സമയത്തിന്റെ കാര്യത്തിൽ അങ്ങ് നിലപാട് സ്വീകരിച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതൊരു പുതുമയല്ലല്ലോ.

ശ്രീ. ഇ. എം. അഗസ്തി : 1993-ൽ എക്സൈസ് ഡ്യൂട്ടി നിർത്തലാക്കിയിരുന്നതാണ്. 1998-ൽ വീണ്ടും മറ്റൊരു രൂപത്തിൽ ഇൻട്രൊഡ്യൂസ് ചെയ്തു. പാക്കറ്റ് തേയിലയ്ക്ക് ഉണ്ടായിരുന്ന എക്സൈസ് ഡ്യൂട്ടി ബൾക്ക് ടീയിലേക്ക് മാറ്റി. അങ്ങനെ മാറ്റിയതിന്റെ ഫലമായി ഒരു കിലോ തേയിലയ്ക്ക് രണ്ടുരൂപ അധികച്ചെലവ് വന്നു. ഈ പ്രതിസന്ധിയുടെ കാര്യത്തിൽപോലും ആ എക്സൈസ് ഡ്യൂട്ടി പിൻവലിക്കണമെന്ന ആവശ്യം ഇൻഡ്യാ ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിച്ചില്ല. ഞാൻ കഴിഞ്ഞ ദിവസം ചൂണ്ടിക്കാണിച്ചതുപോലെ തേയിലയുടെ പ്രൊഡക്ടിവിറ്റിയിൽ കേരളം ഏറ്റവും പിന്നിലാണ്. കാരണം 100-150 വർഷം പഴക്കമുള്ളതാണ്. 150 വർഷം പഴക്കമുള്ളപ്പോൾ പ്രൊഡക്ടിവിറ്റി കുറയും. ഇതിനുള്ള ഏക പ്രതിവിധി റീപ്ലാന്റേഷനാണ്. പ്രൊഡക്ടിവിറ്റി കൂട്ടുന്നതിലുള്ള ഏക മാർഗ്ഗം റീപ്ലാന്റേഷനാണ്. റീപ്ലാന്റേഷന് കൂടുതൽ തുക ഇൻവെസ്റ്റ് ചെയ്യണം. ഇൻവെസ്റ്റുചെയ്യുന്നത് ഈ കാലഘട്ടത്തിലെ വ്യവസായത്തിന് കഴിയാത്ത രീതിയിലാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് മുമ്പാകെ പലഘട്ടത്തിലും ജനപ്രതിനിധികളുടെയും പ്ലാന്റേഷൻ ഇൻഡസ്ട്രി നടത്തുന്നവരുടെയും അഭ്യർത്ഥന ബാങ്ക് വായ്പ റീ ഷെഡ്യൂൾ ചെയ്യണം എന്നതാണ്. പ്രതിസന്ധിയുടെ കാലഘട്ടം അതിജീവിക്കുന്നതുവരെ ബാങ്ക് വായ്പകൾ റീഷെഡ്യൂൾ ചെയ്യണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിച്ചില്ല. സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന ചില കാര്യങ്ങൾ ഉണ്ടായിരുന്നു. റീപ്ലാന്റിംഗിനെപ്പറ്റി ഒരു പ്രധാന കാര്യം, അതിൽവരുന്ന വായ്പകളാണ്. വായ്പകൾ നിശ്ചയിക്കുന്നതിന് ബാങ്കിംഗിൽ പറയുന്നത് യൂണിറ്റ് കോസ്റ്റ് എന്നാണ്. യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നത് നബാർഡാണ്. നബാർഡ് യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റുമായി ആലോചിക്കേണ്ടതായിരുന്നു. യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിൽ അപാകതകളുണ്ട്. തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും ഒരു ഹെക്ടർ റീപ്ലാന്റേഷൻ നടത്തുന്നതിന് 3 ലക്ഷംരൂപ വായ്പ നൽകുമ്പോൾ കേരളത്തിൽ അത് ഒന്നര ലക്ഷം രൂപയാണ്. കേരളത്തിലാണ് ഉൽപ്പാദനച്ചെലവ് കൂടുതൽ അങ്ങനെയായിട്ടും യൂണിറ്റ് കോസ്റ്റ് നിയന്ത്രിക്കുന്ന കാര്യത്തിൽ കേരളത്തിന് നീതി ലഭിച്ചിട്ടില്ല. അതുകൊണ്ട് റീപ്ലാന്റേഷനിംഗ് അപ്രായോഗികമാണ്. ഇതു പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രവുമായി വളരെ ഗൗരവമായ ചർച്ച നടത്തണം. അല്ലെങ്കിൽ കേരളത്തിലെ തേയില വ്യവസായം ആകെ പ്രതിസന്ധിയിലാകും. ഞാൻ ദീർഘിപ്പിക്കുന്നില്ല. അങ്ങയുടെ അഭിപ്രായം അതാണെന്ന് അറിയാവുന്നതുകൊണ്ട് ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. ഇതൊക്കെ ഈ വ്യവസായം നേരിടുന്ന പ്രശ്നങ്ങളാണ്. ദീർഘകാലാടിസ്ഥാനത്തിൽ പരിഹരിക്കേണ്ട കാര്യങ്ങളാണെന്ന നിലയിൽ സംസ്ഥാന ഗവൺമെന്റ് അലംഭാവം കാണിക്കരുത്. ഗവൺമെന്റ് കുറേ കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. പക്ഷേ തോട്ടങ്ങൾ ഉപേക്ഷിച്ചുപോകുന്ന ഒരു പ്രവണത നല്ലതല്ല. വ്യവസായം നഷ്ടത്തിലാകുമ്പോൾ തോട്ടങ്ങൾ ഉപേക്ഷിച്ചുപോകുന്നു. നല്ലകാലംവരുമ്പോൾ തിരിച്ചുവന്ന് ഏറ്റെടുക്കുന്നു. ആ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിവിശേഷമുണ്ട്. 75000 തൊഴിലാളികൾ പട്ടിണി കിടന്നാലുംശരി ഞങ്ങൾക്ക് ഇപ്പോൾ നഷ്ടമാണ് അതുകൊണ്ട് ഞങ്ങൾ ഉപേക്ഷിച്ചുപോകും നല്ലകാലം വരുമ്പോൾ തിരിച്ചുവന്നോളാമെന്ന സമീപനത്തിന് ഗവൺമെന്റ് സഹായകരമായ നിലപാട് സ്വീകരിക്കരുത്. തോട്ടങ്ങൾ തുറപ്പിക്കുന്നതിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കണം. ആ സാഹചര്യം സൃഷ്ടിക്കുന്നതിൽ ഗവൺമെന്റ് ഇൻഡ്യാ ഗവൺമെന്റുമായി രാഷ്ട്രീയ സമ്മർദ്ദം ചെലുത്തണം. കേന്ദ്ര ഗവൺമെന്റ് അതിന്റെ പങ്ക് വഹിക്കണം.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : കഴിഞ്ഞ ദിവസം അടച്ചുപൂട്ടിയ തോട്ടങ്ങൾ താല്ക്കാലികമായി ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് ചോദിച്ചപ്പോൾ, തൊഴിൽ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത്, കേന്ദ്ര ഗവൺമെന്റ് അതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്, ചില ചർച്ചകൾ നടന്നുവെന്നാണ്. കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം അസന്ദിഗ്ധമായി പ്രഖ്യാപിച്ചത്, തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനെക്കുറിച്ച് അവർ ആലോചിക്കുന്നില്ല എന്നാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റുവേണ്ടേ അതിനുള്ള നടപടികൾ സ്വീകരിക്കുവാൻ. അതിനെക്കുറിച്ച് അങ്ങ് പറഞ്ഞാൽകൊള്ളാം.

<u>ശ്രീ. ഇ. എം. അഗസ്തി</u> : ഞാൻ പറഞ്ഞത് ശ്രീ. രാജേന്ദ്രൻ ശ്രദ്ധിക്കാത്തതു കൊണ്ടാണ്. അതിനുള്ള രാഷ്ട്രീയ സമ്മർദ്ദം ഉണ്ടാകണമെന്നാണ് ഞാൻ പറഞ്ഞത്. സംസ്ഥാന ഗവൺമെന്റ് രാഷ്ട്രീയ സമ്മർദ്ദം ചെലുത്തണം. സംസ്ഥാന ഗവൺമെന്റ് അതിന് ഇനിഷ്യേറ്റീവ് എടുക്കണം. കേന്ദ്രത്തെ മാത്രം പറഞ്ഞിട്ട് കാര്യമില്ല. സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കണം. ഇന്നത്തെ സാഹചര്യത്തിൽ ചില സഹായങ്ങളൊക്കെ ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ചെയ്ത എല്ലാ കാര്യങ്ങളെയും നന്ദിയോടെ അനുസ്മരിച്ചുകൊണ്ടുതന്നെ വീണ്ടും മുമ്പോട്ടുപോകണമെന്നാണ് പറയുന്നത്.

<u>ശ്രീ. പി. എസ്. സുപാൽ</u> : ഇറക്കുമതി നയം തിരുത്തുന്നതിന് ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണമെന്നാണ് അങ്ങ് പറഞ്ഞത്. ഇത് രണ്ടുകാലിൽ മന്തുള്ളവൻ ഒരു കാലിൽ മന്തുള്ളവനെ നോക്കി കളിയാക്കുന്നതുപോലെയല്ലേ? അങ്ങയുടെ പാർട്ടി കേന്ദ്രത്തിൽ ഭരണത്തിലിരുന്നപ്പോഴല്ലേ ഇറക്കുമതി നയത്തിനുള്ള തീരുമാനം എടുത്തത്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. ഇ. എം. അഗസ്തി</u> : അങ്ങ് ചോദ്യം ചോദിച്ചിട്ട് ഞാൻ പറയുന്നത് ശ്രദ്ധിക്കാതിരിക്കുന്നത് ശരിയല്ല. അങ്ങയുടെ അഭിപ്രായം ശരിയല്ല. അങ്ങും അങ്ങയുടെ പാർട്ടിയും ഈ അഭിപ്രായം പലപ്പോഴും പറഞ്ഞിട്ടുണ്ട്. അങ്ങ് ഉദ്ദേശിച്ചത് ഗാട്ട് കരാറിനെ സംബന്ധിച്ചാണ്. ഗാട്ട് കരാറിന്റെ ദോഷഫലങ്ങൾ ഇൻഡ്യൻ തേയില വിപണി നഷ്ടത്തിലാക്കി എന്നാണ്. ഗാട്ട് കരാർ സംബന്ധിച്ച് നമ്മുടെ ഭയാശങ്ക, യൂറോപ്പ്, അമേരിക്ക തുടങ്ങിയ സമ്പന്ന രാഷ്ട്രങ്ങൾ മുന്നാംലോക രാജ്യങ്ങളിൽ നമ്മുടെ കമ്പോളത്തിൽ കടന്നുകയറുമെന്നാണ്. അങ്ങനെയാണെങ്കിൽ യൂറോപ്പിലും അമേരിക്കയിലും തേയില ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

അവർ തേയില ഉൽപ്പാദിപ്പിക്കുന്നില്ല. യൂറോപ്പിന് കഴിയുമായിരുന്നുവെങ്കിൽ സായിപ്പൻമാർ മുന്നാറിലും ദേവികുളത്തും ഊട്ടിയിലും മലകൾ വെട്ടിത്തെളിച്ച് ഇതിനായി ഇവിടെ വരില്ലായിരുന്നു. അവർ അവരുടെ നാട്ടിൽത്തന്നെ തേയില കൃഷി ചെയ്യുമായിരുന്നു. ഗാട്ട് കരാർകൊണ്ട് യാതൊരു ദോഷവും ഉണ്ടായിരുന്നില്ല. അങ്ങനെ ഒരു ധാരണ പരത്താൻ ശ്രമിക്കുന്നതും ശരിയല്ല. ഇൻഡ്യൻ വിപണി തുറന്നുകൊടുത്തത് അങ്ങയുടെ പാർട്ടിയുടെ പിന്തുണയുള്ള കേന്ദ്ര ഭരണ സമയത്താണ്. ഞങ്ങളും പിന്തുണ നൽകിയിട്ടുണ്ട്. ശ്രീ. ഐ. കെ. ഗുജറാൾ ഇൻഡ്യൻ പ്രധാനമന്ത്രി ആയിരുന്നപ്പോഴാണ് സാർക്ക് രാജ്യങ്ങൾക്കുവേണ്ടി ഇൻഡ്യൻ വിപണി തുറന്നുകൊടുക്കുവാൻ തീരുമാനിച്ചത്. ശ്രീലങ്കയുമായിട്ട് പ്രീപെയ്ഡ് കരാർ ആയിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട അഗസ്തിക്ക് ഈ പ്രമേയത്തിന് അനുവദിച്ചിട്ടുള്ളത് 30 മിനിട്ടാണ്. ആകെ നാലുപേർ സംസാരിക്കുവാനുണ്ട്. അതിനുശേഷം മന്ത്രിക്ക് സംസാരിക്കണം. Please conclude....

ശ്രീ. ഇ. എം. അഗസ്തി : ഞാൻ കൺക്ലൂഡ് ചെയ്യാം. അങ്ങനെ ഒരു തെറ്റിദ്ധാരണ വേണ്ട. സംസ്ഥാന ഗവൺമെന്റ് ചെയ്യുന്ന എല്ലാ കാര്യത്തിനും നന്ദി പറയുകയാണ്. ഈ ആഴ്ചതന്നെ ഗവൺമെൻറ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. ബിനോയ് വിശ്വം : ഇവിടെ പറഞ്ഞ ഫ്രീ ട്രെയ്ഡ് കരാറുകളും ലേബർ എഗ്രിമെന്റ്സുമൊക്കെ ഉണ്ടായത് ഗാട്ടിന്റെ ഫലമായിട്ടാണ്. അങ്ങ് എന്തിനാണ് മൂടിവയ്ക്കുന്നത്; ആരെ രക്ഷിക്കുവാൻ വേണ്ടിയാണ്?

ശ്രീ. ഇ. എം. അഗസ്തി : സർ, ഞാൻ ആരേയും രക്ഷിക്കാൻ വേണ്ടി പറയുകയല്ല. എന്റെ നിയോജകമണ്ഡലത്തിലെ പാവപ്പെട്ട ജനങ്ങൾക്കു വേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്. ഒരു കാര്യം ശ്രീ. ബിനോയ് വിശ്വം അറിയണം. ഗാട്ട് കരാറിന്റെ വ്യവസ്ഥയുടെ ഭാഗമല്ല സാർക്ക് രാജ്യങ്ങളുടെ ഉടമ്പടി. കമ്പോളം തുറന്നുകൊടുക്കാൻ ഇൻഡ്യ ഗാട്ട് കരാറിൽ ഒപ്പിടണമെന്ന് പറഞ്ഞിട്ടില്ല. അങ്ങയെപ്പോലുള്ളവർ തെറ്റിദ്ധാരണ വരുത്താൻ ശ്രമിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് ഈയാഴ്ച രണ്ടു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ട് ഉത്തരവും പ്രധാനപ്പെട്ട കാര്യമാണ്. സ്കൂളുകളിൽ പോകുന്ന മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം കൊടുക്കാനുള്ള ക്രമീകരണം കേരള ഗവൺമെന്റ് ചെയ്യുകയാണ്. അതിന്റെ പ്രയോജനം ലഭിക്കാൻ പോകുന്നത് 13,000 കുട്ടികൾക്കാണ്. 13,000 കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നു. സ്കൂളിൽ പോകുന്ന എല്ലാ കുട്ടികൾക്കും യൂണിഫോം കൊടുക്കുന്നു. സ്കൂളുകളിൽ പോകുന്ന എല്ലാ കുട്ടികൾക്കും 5 കിലോ അരി വീതം കൊടുക്കാൻ പോകുകയാണ്. സ്കൂളുകളിൽ തന്നെ അരി കൊടുക്കാൻ പോകുകയാണ്. അതിനുള്ള ക്രമീകരണം ഉണ്ടാകുന്നു. തേയില വ്യവസായത്തിലെ പ്രതിസന്ധിമൂലം സ്കൂൾ കുട്ടികൾക്ക് വിദ്യാഭ്യാസം മുടങ്ങരുതെന്ന നിർബന്ധം

LIBRARY ARCHIVES Kerala Legislative Assembly

ഐകൃജനാധിപത്യ മുന്നണി ഗവൺമെന്റിനുള്ളതുകൊണ്ടാണിത് ചെയ്യുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ താൽപ്പര്യമെടുത്ത് രണ്ടു കോൺഫറൻസുകൾ വിളിച്ചുകൂട്ടി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിച്ചു. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗം വിളിച്ചുകൂട്ടി, ദുരിതാശ്വാസ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. അതിന് ഞങ്ങൾ ഗവൺമെന്റിനോട് നന്ദി രേഖപ്പെടുത്തുന്നു. പക്ഷേ ദുരിതാശ്വാസ പ്രവർത്തനം കൊണ്ടു മാത്രം പരിഹരിക്കാൻ കഴിയുന്നതല്ല വ്യവസായത്തിലെ പ്രതിസന്ധി എന്ന യാഥാർത്ഥ്യം ഗവൺമെന്റ് കാണണം. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. ഈ സഭയിലെ എല്ലാ വിഭാഗത്തിലേയും ആളുകളുടെ സഹകരണം ആ സമ്മർദ്ദത്തിന് ഉറപ്പു വരുത്തണം. നിങ്ങളുടെകൂടി താൽപ്പര്യം ഈ പ്രശ്നത്തിന് ഉണ്ടാകണം. പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്ന നിലയിൽ ഈ പ്രമേയം അംഗീകരിച്ച് കേന്ദ്ര ഗവൺമെന്റിനെ സഭയുടെ വികാരം അറിയിക്കണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. പി. അനിൽകുമാർ</u> : സർ, കേന്ദ്ര ഗവൺമെന്റിന്റെ കയറ്റിറക്കുമതി നയംമൂലം പ്രതിസന്ധിയിലായ തേയില വ്യവസായത്തേയും തൊഴിലാളികളേയും സംരക്ഷിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട എന്റെ സഹപ്രവർത്തകൻ ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. തേയിലത്തോട്ടം മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് മറ്റാരെക്കാളും അറിയാവുന്ന ആ വ്യവസായത്തെക്കുറിച്ച് അഗാധമായ പാണ്ഡിത്യമുള്ള ശ്രീ. അഗസ്തി അവതരിപ്പിച്ച പ്രമേയം സത്യത്തിൽ ഭരണ-പ്രതിപക്ഷ ബെഞ്ചുകളിൽ ഒരഭിപ്രായവ്യത്യാസവുമില്ലാതെ പാസ്സാക്കാനുള്ള മനസ്സുള്ളവരാണ്. കാരണം അത്രത്തോളം പ്രയാസങ്ങളും, ദുരിതങ്ങളുമൊക്കെ ഈ മേഖലയിലെ തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ വ്യവസായം ഇന്ന് പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ചർച്ചകളൊക്കെ കഴിഞ്ഞ കാലത്തും സഭയിൽ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിനിടയ്ക്ക് ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിയാവുന്ന ശ്രമങ്ങളൊക്കെ ഗവൺമെന്റ് നടത്തിയതിനെക്കുറിച്ച് ബഹുമാനപ്പെട്ട ഇ. എം. അഗസ്തി ഇവിടെ പറയുകയുണ്ടായി.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : കേരളത്തിലെ തേയിലത്തോട്ടം തൊഴിലാളികളുടെ മൂക്ഷമായ പ്രതിസന്ധിയെക്കുറിച്ചാണല്ലോ നമ്മളെല്ലാവരും ഒരേ സ്വരത്തിൽ ചർച്ച ചെയ്യുന്നത്. പാവപ്പെട്ട തേയിലത്തൊഴിലാളികളുടെ ജീവനും നീരുമൊക്കെ പിഴിഞ്ഞെടുക്കുന്ന ഒരുപറ്റം വൻകിട മുതലാളിമാർ ഈ നാട്ടിൽ ഉണ്ട്. ഈ നാട്ടിലെ മുഴുവൻ സമ്പത്തും, പ്രകൃതിയുടെ സമ്പത്തും മനുഷ്യാദ്ധ്വാനശേഷിയുമൊക്കെ അവർ ചൂഷണം ചെയ്തുകൊണ്ട് പോകുകയാണ്. ഈ ചൂഷണത്തിന്റെ കാര്യത്തിൽ മാറിമാറി വന്ന ഗവൺമെന്റുകൾ ഒന്നും ഇത്ര മാത്രം ചൂഷണം ഈ മേഖലയിൽ ഉണ്ടായിട്ടും കാര്യമായ നടപടികളോ ശ്രദ്ധയോ ഉണ്ടായിട്ടില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽകുമാർ: ബഹുമാനപ്പെട്ട സഹപ്രവർത്തകൻ ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞ മുഴുവൻ കാര്യങ്ങളും അംഗീകരിച്ചുകൊണ്ട് പറയുകയാണ്, തെയിലത്തോട്ടം തൊഴിലാളികൾക്കു വേണ്ടി, തെയില വ്യവസായത്തിനുവേണ്ടി എന്തെങ്കിലും പറയാൻ അർഹതയില്ലാത്ത ഒരാളുണ്ടോ എന്നു ചോദിച്ചാൽ ഞാൻ ശ്രീ. ടി. എൻ. പ്രതാപന്റെ പേരാണ് പറയുക. മറ്റൊന്നുകൊണ്ടുമല്ല, ഒരു ചായ കുടിച്ചിട്ടെങ്കിലും തെയിലത്തോട്ടം തൊഴിലാളികളെ സംരക്ഷിക്കാൻ ഉള്ള ശ്രമം അദ്ദേഹം ജീവിതത്തിൽ ഇന്നുവരെ നടത്തിയിട്ടില്ല. ജീവിതത്തിൽ ഇന്നുവരെ അദ്ദേഹം ചായ കുടിച്ചിട്ടില്ല. എന്നിട്ടാണ് അദ്ദേഹം തെയിലത്തോട്ടം തൊഴിലാളികൾക്കുവേണ്ടി പറയുന്നത്. തൊഴിൽ മേഖലയിലുള്ള പ്രശ്നങ്ങളെക്കുറിച്ച് ശ്രീ. ഇ. എം. അഗസ്തി ഇവിടെ പറഞ്ഞു. അതു പരിഹരിക്കാനുള്ള ശ്രമത്തെക്കുറിച്ചും പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കയറ്റിറക്കുമതി നയങ്ങളാണ് ഇന്ന് ഈ വ്യവസായം തകർച്ചയിലേക്കു വരാനുള്ള കാരണമെന്ന കാര്യത്തിൽ തർക്കമില്ല. നിയമങ്ങൾ ഏതു രാഗത്തായാലും എന്ത് ഓമനപ്പേരിട്ടു വിളിച്ചാലും ആഗോളവൽക്കരണമായാലും ഉദാരവൽക്കരണമായാലും തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അത് പ്രയാസമുണ്ടാക്കുന്നതാണെന്ന കാര്യത്തിൽ തർക്കമില്ല. കയറ്റിറക്കുമതി നയത്തെക്കുറിച്ച് വിശദമായി ഇവിടെ പറഞ്ഞു. ഞാൻ അതിലേക്ക് കടക്കുന്നില്ല. നമുക്ക് നമ്മുടേതായ ഉത്തരവാദിത്തമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ കയറ്റിറക്കുമതി നയങ്ങൾ കൊണ്ട് വലിയ തിരിച്ചടികൾ നമുക്കുണ്ടായിട്ടുണ്ട് എന്നുള്ള യാഥാർത്ഥ്യത്തോടൊപ്പം തന്നെ കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊള്ളണം. തെയില വ്യവസായമേഖലയായാലും കശുവണ്ടി വ്യവസായം ആയാലും ഏതു മേഖലയിലായാലും മാറ്റങ്ങൾ ഉൾക്കൊള്ളാൻ നമ്മൾ തയ്യാറാകണം. നമുക്കനുസരിച്ച് കാലം മാറണമെന്നതു മാറി കാലത്തിനനുസരിച്ച് നമ്മൾ മാറാൻ തയ്യാറാകണം. പ്രൊഡക്റ്റിവിറ്റിയുടെ കാര്യത്തെക്കുറിച്ച് ശ്രീ. ഇ. എം. അഗസ്തി സൂചിപ്പിച്ചു. റബ്ബർ ഒഴികെയുള്ള മുഴുവൻ നാണ്യവിളകളും നോക്കിയാൽ സത്യത്തിൽ ലോകനിലവാരത്തോടൊപ്പം നിൽക്കാത്ത നാണ്യവിളകളാണ് നമ്മൾ ഉൽപ്പാദിപ്പിക്കുന്നത്. കാർഷിക ചർച്ചയെക്കുറിച്ച് പറഞ്ഞപ്പോൾ ഞാൻ സൂചിപ്പിച്ചു, ഒരു ഹെക്ടറിൽ 5000 തേങ്ങയാണ് നമുക്ക് ഒരു കൊല്ലം കിട്ടുന്നത്. തൊട്ടടുത്ത തമിഴ്നാട്ടിൽ 10,000-ത്തിലധികം കിട്ടുന്നുണ്ട്. അതേ സ്ഥിതിയാണ് തെയിലയുടെ കാര്യത്തിലും. ലോകനിലവാരത്തിനനുസരിച്ചുള്ള തെയില ഉൽപ്പാദിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല. അതുകൊണ്ട് പ്രൊഡക്റ്റിവിറ്റി ഉണ്ടാകണം. നിലവിലുള്ള തെയിലത്തോട്ടങ്ങളിൽ പ്രൊഡക്റ്റിവിറ്റി കുറവാണ്. അതു മാറ്റി വീണ്ടും പ്ലാന്റ് ചെയ്യാനുള്ള അവസരമുണ്ടാക്കിയെങ്കിൽ മാത്രമേ ഇന്ന് ലോകനിലവാരത്തോടൊപ്പം നമുക്ക് കിടപിടിക്കാനുള്ള തെയില ഉൽപ്പാദിപ്പിക്കാൻ കഴിയൂ; എന്നാലേ കാളിറ്റിയുള്ള തെയില ഉൽപ്പാദിപ്പിക്കാൻ കഴിയൂ. ആ മാറ്റം നമ്മിലും ഉണ്ടാകണം. അതോടൊപ്പമായിരിക്കണം കേന്ദ്ര ഇറക്കുമതി നയങ്ങൾക്കെതിരെയുള്ള നമ്മുടെ പോരാട്ടവും. കേന്ദ്ര നയത്തെ എല്ലാ അർത്ഥത്തിലും എതിർത്തുകൊണ്ടാണ് ഞാനിതു പറയുന്നത്. കാർഷിക മേഖലയിൽ നമ്മുടെ നാണ്യവിളകളും മാറ്റത്തിന് വിധേയമാകണം.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സുജനപാൽ : ശ്രീ. പ്രതാപൻ ചായ കുടിക്കാത്തയാളാണ്. ഞാൻ ചായ കുടിക്കുന്നയാളാണ്. ലോക്കൽ മാർക്കറ്റിൽ ചായയ്ക്ക് വില കുറഞ്ഞിട്ടില്ല. ചായയ്ക്ക് ഇപ്പോഴും പഴയ വില നിലനിൽക്കുകയാണ്. ചില സമയത്ത് വില വർദ്ധിക്കുന്നുണ്ട്. ഈ പ്രതിസന്ധിയുടെ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട മെമ്പർ വ്യക്തമാക്കാൻ തയ്യാറാകുമോ?

ശ്രീ. എ. പി. അനിൽ കുമാർ : അങ്ങു പറഞ്ഞതിലേക്ക് ഞാൻ കടന്നു വരുകയാണ്. അങ്ങ് ചായ കുടിച്ചുകൊണ്ട് തേയിലത്തൊഴിലാളികളെ സഹായിക്കുന്ന ആളാണ്. ഇൻഡ്യൻ ഭരണഘടനയനുസരിച്ച് നമുക്ക് കൃഷി ഒരു സംസ്ഥാന വിഷയമാണ്. പുതിയ വ്യാപാരക്കരാർ, 'എക്സിം' പോളിസി വച്ച് ഏകപക്ഷീയമായി കേന്ദ്രസർക്കാർ ഇന്ന് വിവിധ വ്യാപാരക്കരാറുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കെ. മണി: സർ, നമ്മളെല്ലാവരും ചായ കുടിക്കുന്നയാളുകളാണ്. തോട്ടം മേഖലയിൽ പണിയെടുക്കുന്ന തോട്ടം തൊഴിലാളികളുടെ രക്തമാണെന്നാണ് തേയിലയെ വിശേഷിപ്പിക്കപ്പെടുന്നത്. തേയില തിളച്ചവെള്ളത്തിലിടുകയാണെങ്കിൽ അതു രക്തനിറമാകും. ******* ആ സാഹചര്യത്തിൽ തൊഴിലാളികളെ നമ്മൾ സഹായിക്കേണ്ടതാണ്. തമിഴ്നാട് ഗവൺമെന്റിൽ ഒരു തീരുമാനമുണ്ട്. അവിടെ എല്ലാ റേഷൻകട വഴിയും ഒരു കാർഡിന് ഓരോ കിലോ തേയില നിർബന്ധമായും വാങ്ങിയിരിക്കണമെന്ന ഉത്തരവ് ഇപ്പോൾ നിലവിലുണ്ട്. സാധാരണയുള്ള ഉൽപ്പാദനമോ ക്വാളിറ്റിയോ അല്ല ഈ മേഖല തകരാനുള്ള കാരണം. കൺസ്യൂമറിന്റെ എണ്ണം കൂടണം. തേയില ഉൽപ്പാദനത്തിന് കൂടുതൽ വിപണി ഉണ്ടാകണം. അതു മാത്രമല്ല, പബ്ലിസിറ്റി വളരെ കുറവാണ്. പബ്ലിസിറ്റി കൂടുതൽ കൊണ്ടുവരുകയാണെങ്കിൽ, ഈ ഇൻഡസ്ട്രി കുറേക്കൂടി മെച്ചപ്പെടുത്താനുള്ള രീതി കൊണ്ടുവരണമെന്നുള്ളതുകൂടി ഈ പ്രമേയത്തിൽ ഉണ്ടാകണമെന്ന് പറയാൻ സാധിക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡറുണ്ട്. ശ്രീ. എ. കെ. മണി സംസാരിക്കുമ്പോൾ ***** എന്നു പറഞ്ഞു. അങ്ങനെ പറയുന്നത് ശരിയല്ല. എന്നു പറഞ്ഞാൽ അത് ചായ കുടിയന്മാരെയാകെ അപമാനിക്കു ന്നതിനു തുല്യമായിട്ടുള്ള ഒരു പ്രസ്താവനയാണ്. അത് മേലിൽ കാണാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: Yes, അത് മേലിൽ കാണില്ല.

ശ്രീ. എ. പി. അനിൽ കുമാർ: ശ്രീ. എ. കെ. മണി ചൊന്ന കാര്യങ്ങൾ അങ്ങേയ്ക്ക് തെരിയാത്തതുകൊണ്ടാണ്. നമ്മുടെ ബി.ജെ.പി. ഗവൺമെന്റിന്റെ പുതിയ എക്സിം പോളിസി, പുതിയ വ്യാപാര കരാർ സംബന്ധിച്ച നയങ്ങളാണ് ഇന്ന് ഏറ്റവും വലിയ തിരിച്ചടി എന്നിവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ യാതൊരു തർക്കവുമില്ല. ഇക്കഴിഞ്ഞ

***** ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

2001 ഏപ്രിൽ മുതൽ ഇറക്കുമതിക്ക് അളവുപരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പുതിയ ഇറക്കുമതി നയങ്ങൾക്ക് യാതൊരു നിയന്ത്രണവും ഇല്ലാത്ത അവസ്ഥയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഈ നയംകൊണ്ടുണ്ടായിട്ടുള്ളത്. ലോക വ്യാപാര സംഘടനയുമായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കാർഷിക ഉടമ്പടി Agreement on Agriculture പരിഷ്കാരം സംബന്ധിച്ച ചർച്ചകളുടെ ഫലമായി വീണ്ടും കാർഷികോല്പന്നങ്ങളുടെ ഇറക്കുമതി തീരുവ കുറയ്ക്കുവാനുള്ള വളരെ ബോധ പൂർവ്വമായ ശ്രമം ഇന്ന് കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി.ഡി. സതീശൻ: സർ, ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത് തേയിലയെക്കുറിച്ചാണല്ലോ. കേരളത്തിൽ പൊതുവായും രാഷ്ട്രീയ രംഗത്ത് പ്രത്യേകിച്ചും നമ്മുടെ സഭയിലും സാധാരണ ചർച്ച ചെയ്യപ്പെടാറുള്ള ഏകവിഷയം റബ്ബർ കർഷകരെ കുറിച്ചു മാത്രമാണ്. റബ്ബറിനെക്കുറിച്ച് ഒരു കാര്യം വന്നാൽ കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും നിയമസഭയ്ക്കകത്തുള്ള എം.എൽ.എ.-മാരുമെല്ലാം ഒന്നിച്ചുചേരും. റബ്ബറിനോടു കാണിക്കുന്ന താല്പര്യം കേരളത്തിലെ മറ്റു കാർഷിക മേഖലകളോട് കാണിക്കുന്നില്ല എന്നുള്ളതല്ലേ യാഥാർത്ഥ്യം. അതുകൊണ്ടല്ലേ തേയില ഉൾപ്പെടെ, നാളികേരമുൾപ്പെടെയുള്ള കാർഷികോല്പന്നങ്ങൾ ശ്രദ്ധ കിട്ടാതെ പോകുകയും കർഷകർ ബുദ്ധിമുട്ടുകയും ചെയ്യുന്ന അവസ്ഥ കേരളത്തിലുണ്ടായത്?

ശ്രീ. എ. പി. അനിൽ കുമാർ: സത്യത്തിൽ എനിക്ക് മനസ്സിൽ ആത്മാർത്ഥമായി തോന്നിയ കാര്യമാണ് ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞത്. യഥാർത്ഥത്തിൽ റബ്ബറിനു പകരം നമുക്കൊരു നാണ്യവിളയില്ലെന്ന ഒരു ചിന്തയിലേക്ക് നമ്മൾ പോയിക്കൊണ്ടിരിക്കുകയാണ്. റബ്ബർ സംരക്ഷിക്കണമെന്നുള്ള കാര്യത്തിൽ നമുക്കെല്ലാവർക്കും ഒരുപാട് ശബ്ദമുണ്ട്, വളരെയധികം ചർച്ചയുണ്ട്, പക്ഷേ യഥാർത്ഥത്തിൽ ഞാൻ നേരത്തേ സൂചിപ്പിച്ചു, നമുക്ക് എറ്റവും സ്വന്തമെന്നു പറയാവുന്ന തെങ്ങു സംരക്ഷിക്കാൻ, തേങ്ങയുടെ വില കൂടുവാൻ അതുപോലെ കുറെ കാലങ്ങളായിട്ടുള്ള ജാതിക്കയായാലും കുരുമുളകായാലും അങ്ങനെയൊക്കെയുള്ള നാണ്യ വിളകൾ സംരക്ഷിക്കുവാൻ യാതൊരു ശ്രമവും നമ്മുടെ ഭാഗത്തുനിന്നുമില്ല. അഥവാ ഉണ്ടെങ്കിൽത്തന്നെ അത് വെറും ചർച്ചയിൽ ഒതുങ്ങുക എന്നുള്ളതല്ലാതെ, രാഷ്ട്രീയത്തിൽ മാത്രം കേന്ദ്രീകരിക്കുന്ന ഒരവസ്ഥ ഇന്നുണ്ട്. ഞാൻ അതിനെ കുറ്റപ്പെടുത്തുകയല്ല, റബ്ബറുണ്ടാകണം, മറ്റു നാണ്യ വിളകൾ പോലെ തന്നെ റബ്ബറും നമുക്കുണ്ടാക്കണം, റബ്ബറിന് കൂടുതൽ വില ഉയരണമെന്നുള്ള താല്പര്യങ്ങളെല്ലാമുണ്ട്. പക്ഷേ നമുക്കറിയാം റബ്ബർ കടന്നുവന്നത് വിദേശത്തു നിന്നുമാണ്, കുരുമുളകും ഏലവും ജാതിക്കായുമൊക്കെ നമ്മുടേതാണ്. നമ്മുടെ പൈതൃകമായിട്ടുള്ളതാണ്, നമ്മുടെ പാരമ്പര്യമായിട്ടുള്ളതാണ്. അത് സംരക്ഷിക്കാനുള്ള ഒരു ശ്രമം നമ്മുടെ ഭാഗത്തുനിന്നുമില്ലെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കാര്യത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ഒട്ടനവധി കരാറുകൾ ഇന്ന് ഗവൺമെന്റുണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുകയാണ്. ഈ കരാറുകളൊക്കെ ഉണ്ടാക്കുമ്പോൾ എനിക്ക് സംസ്ഥാന ഗവൺമെന്റിനോട്, പ്രത്യേകിച്ചും മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഇതിനെതിരെ ശക്തമായ നടപടി സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. സംസ്ഥാന ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചാലും ശരി ഞാൻ നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്തിന്റെ പ്രധാന വിള കൃഷിയാണ്. പക്ഷേ പല നയങ്ങളുമുണ്ടാക്കിക്കൊണ്ട് ഇതിലേക്ക് ഒരു കടന്നുകയറ്റം നടത്തിക്കൊണ്ടിരിക്കുന്ന കേന്ദ്ര ഗവൺമെന്റിനെ നിയന്ത്രിക്കാനുള്ള ശക്തമായ നിലപാട് സംസ്ഥാന ഗവൺമെന്റ് എടുക്കണം. താൽക്കാലികമായി റേഷൻ കൊടുത്തുകൊണ്ടുള്ള സഹായം, താൽക്കാലികമായി അവിടെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതോടൊപ്പം ഈ തേയില തോട്ടം മേഖല നിലനിർത്താനുള്ള സ്ഥായിയായ ശ്രമമാണ് ഉണ്ടാകേണ്ടത്. അതിന് ബി. ജെ. പി. ഇന്ന് നടത്തിക്കൊണ്ടിരിക്കുന്ന കയറ്റിറക്കുമതി നയങ്ങൾക്കെതിരായ ശക്തമായ നിലപാട് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> സർ, സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ഇപ്പോൾ റേഷൻ കൊടുക്കുന്നു, കുട്ടികൾക്ക് ചില ആശ്വാസം കൊടുക്കുന്നു, അതുകൊണ്ട് പ്രശ്നം തീരില്ല എന്ന് ശ്രീ. ഇ. എം. അഗസ്തി നേരത്തേ ഇവിടെ സൂചിപ്പിച്ചല്ലോ. ഇതുപോലുള്ള സന്ദർഭങ്ങൾ വരുമ്പോൾ പണിയെടുക്കുന്ന നാലും അഞ്ചും ലക്ഷം തൊഴിലാളികളുടെ ജീവിത പ്രശ്നമെന്നത് കണക്കിലെടുത്തുകൊണ്ട് താൽക്കാലികമായിട്ടെങ്കിലും ഈ തോട്ടങ്ങൾ ഏറ്റെടുക്കാൻ, അതിനുള്ള നിയമനിർമ്മാണത്തിന് സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കുമോ, അതാണ് പ്രശ്നം. കശുവണ്ടി തൊഴിലാളികളേയും ബീഡി തൊഴിലാളികളേയുമൊക്കെ ഇതുപോലെ കൈ ഒഴിഞ്ഞ് മുതലാളിമാർ പോയപ്പോൾ അവരെ സംരക്ഷിക്കാനും സഹായിക്കാനും ദിനേശ് ബീഡി സഹകരണ സംഘവും കശുവണ്ടി കോർപ്പറേഷനുമൊക്കെ വന്നു. അതിനുള്ള നിയമനിർമ്മാണം പാസ്സാക്കിയ ഒരു സഭയാണ് കേരള നിയമസഭ. അതിനനുസൃതമായ ഒരു നിയമനിർമ്മാണത്തിന് സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കുന്നതിന് അങ്ങ് നിർബന്ധം ചെലുത്തുമോ, അതിന് മുൻകൈ എടുക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി <u>(ശ്രീ. ബാബു ദിവാകരൻ):</u> സർ, ആ കാലഘട്ടവും ഈ കാലഘട്ടവും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. അന്നത്തെ സാഹചര്യങ്ങളിൽ അത് സാധ്യമായിരുന്നു, ഇന്നത്തെ സാഹചര്യങ്ങളിൽ അത് അസാധ്യമായ കാര്യമാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> അതിനുള്ള ഉത്തരം ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുകയുണ്ടായി. മാത്രമല്ല, കഴിഞ്ഞ 5 വർഷവും ഈ പ്രശ്നങ്ങളൊക്കെ ഇതിനേക്കാൾ രൂക്ഷമായിട്ടും ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ ഇങ്ങനെയൊരു ചിന്ത തോന്നാത്തത് വലിയൊരു കഷ്ടമാണെന്നു മാത്രമേ ഞാൻ അതിനെക്കുറിച്ച് പറയുന്നുള്ളൂ. ഇതിപ്പോൾ ഒരു പുതിയ പ്രവണതയല്ല, റബ്ബറിനൊക്കെ വിലക്കുറവ് മുമ്പുമുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി: സർ ബഹുമാനപ്പെട്ട മെമ്പറുടെ നേതാവായ ശ്രീ. സി. എ. കുര്യൻ ഇവിടെ ഡെപ്യൂട്ടി സ്പീക്കറായിട്ടുണ്ടായിരുന്നല്ലോ.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം തേയില വ്യവസായ രംഗത്തുള്ള പ്രതിസന്ധിയെക്കുറിച്ച് സംസാരിക്കുമ്പോൾ റബ്ബർ കർഷകരെ സഹായിക്കാൻ വേണ്ടി ഗവൺമെന്റ് എടുക്കുന്ന തീരുമാനത്തിലൊക്കെ ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. ഇന്ത്യയിൽ ആകെ ഉല്പാദിപ്പിക്കുന്നതിന്റെ 92% റബ്ബർ കേരളത്തിലാണ് ഉല്പാദിപ്പിക്കുന്നത്. കേരളത്തിൽ അങ്ങനെ കാർഷിക രംഗത്ത് റബ്ബർ ഉല്പാദിപ്പക്കുന്നത് ശരിയല്ലെന്ന് അങ്ങേക്ക് അഭിപ്രായമുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: കേരളത്തിൽ റബ്ബർ ഉല്പാദിപ്പിക്കുന്ന കാര്യം ശരിയല്ലെന്നുള്ള അഭിപ്രായം എനിക്കില്ല. ഞാൻ നേരത്തേ ഇവിടെ എന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു, ലോക നിലവാരത്തോട് കിടപിടിക്കാവുന്നതായി നമുക്കുള്ളത് റബ്ബർ മാത്രമാണെന്ന്. ഈ റബ്ബറിനോടൊപ്പംതന്നെ മറ്റു നാണ്യ വിളകളുടെയും കാളിറ്റിയും പ്രൊഡക്ടിവിറ്റിയും ഉണ്ടാകണമെന്ന് ഞാനിവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ പറഞ്ഞുകൊണ്ടു വന്നത് കഴിഞ്ഞ കുറച്ചുനാളുകളായി കേന്ദ്രം നടത്തിക്കൊണ്ടിരിക്കുന്ന ഇറക്കുമതി നയങ്ങൾ, ശ്രീലങ്കയുമായും, സാർക്ക് രാജ്യങ്ങളുമായും മലേഷ്യയുമായുള്ള കരാറുകളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. അങ്ങനെ ഈ കരാറുകളൊക്കെയുള്ളതു കൊണ്ടുതന്നെ ശ്രീ. ഇ. എം. അഗസ്തി മറ്റു സ്ഥലങ്ങളിൽ നിന്നും ഇമ്പോർട്ടുചെയ്തുവരുന്ന നാണ്യവിളകളുടെ കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. റീ-എക്സ്പോർട്ട് ചെയ്യുന്നതിന്റെ പേരിൽ ഇവിടെ വരുന്ന നാണ്യ വിളകൾ, റീ-എക്സ്പോർട്ട് ചെയ്യാതെ കെട്ടിക്കിടക്കുന്നതിന്റെ പേരിൽ തന്നെ ഇന്ന് നമ്മുടെ നാണ്യവിളകൾ മുന്നോട്ടു പോകാത്ത അവസ്ഥയുണ്ട്. നമ്മുടെ നാണ്യവിളകൾക്ക് ഇതിനോട് മൽസരിക്കാൻ കഴിയാത്ത അവസ്ഥ, നമ്മുടെ നാണ്യവിളകൾ ഇവിടെ കെട്ടിക്കിടന്ന് നശിക്കുന്ന ഒരവസ്ഥ ഇന്ന് കേരളത്തിലുണ്ടായിട്ടുണ്ട്. അങ്ങനെ എല്ലാ മേഖലയിലും പുതിയ കയറ്റിറക്കുമതിയിൽ കേന്ദ്ര ഗവൺമെന്റ് യാതൊരു മാനദണ്ഡങ്ങളുമില്ലാതെ തൊഴിലാളികളുടെ പ്രശ്നങ്ങളെകുറിച്ച് അറിയാതെയും വ്യവസായ മേഖലയെക്കുറിച്ചറിയാതെയും ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നു. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയുമൊക്കെ പേരു പറഞ്ഞുകൊണ്ട് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതുപോലെതന്നെ ഇവിടെയുള്ള തൊഴിലാളി മേഖലയെയും ഇവിടെയുള്ള പരമ്പരാഗത വ്യവസായങ്ങളെയും തകർക്കുന്നതിനു വേണ്ടി ഇന്ന് ബി.ജെ.പി. നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം ശ്രമങ്ങൾക്കെതിരായ ശക്തമായ നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയമാണ് ഇന്ന് തോട്ടം മേഖലയിൽ, തേയിലയിൽ അടക്കം നിലനിൽക്കുന്ന പ്രതിസന്ധിക്കു കാരണം, അക്കാര്യത്തോട് ഞങ്ങൾ യോജിക്കുന്നു. എന്നാൽ ഇറക്കുമതിയെ സംബന്ധിച്ച് ശ്രീ. ഇ. എം. അഗസ്തിയുടേയും അതുപോലെ തന്നെ ശ്രീ. എ. പി. അനിൽ കുമാറിന്റേയും പ്രസംഗങ്ങൾ വാസവദത്തയുടെ ചാരിത്ര്യ പ്രസംഗം പോലെയാണ്. കാരണം നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിലിരിക്കുന്ന അവസരത്തിലാണ് കേന്ദ്രത്തിൽ ഇറക്കുമതി നയം നടപ്പിലാക്കുവാൻ തീരുമാനിച്ചത്. അതിന്റെ ഭാഗമായിട്ടാണ് ഈ മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടായത്. അതിന്റെ ധാർമ്മിക ഉത്തരവാദിത്വത്തിൽ നിന്നും നിങ്ങൾക്ക് ഒഴിഞ്ഞു നിൽക്കുവാൻ സാധിക്കില്ല. അതുകൊണ്ടാണ് ഞാൻ ആ കാര്യം സൂചിപ്പിച്ചത്. ഈ ഇറക്കുമതി നയമാണ് നമ്മുടെ തോട്ടം മേഖലയിലാകെ പ്രതിസന്ധിക്കു കാരണമായിട്ടുള്ളത്. അതുപോലെത്തന്നെ ഒരു സംസ്ഥാന ഗവൺമെന്റിന് അതിന്റേതായ ഉത്തരവാദിത്വങ്ങളുണ്ട്. ആ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ കേരളത്തിലെ ഗവൺമെന്റ് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുള്ളത് ഗവൺമെന്റിലെ ഉത്തരവാദപ്പെട്ട ആളുകൾ ഒരു ആത്മ പരിശോധന നടത്തേണ്ടതായിട്ടുണ്ട്. നമുക്കെല്ലാവർക്കുമറിയാം, കഴിഞ്ഞ തവണ ബോണക്കാട് തേയില എസ്റ്റേറ്റിന്റെ കാര്യം, അവിടെ പ്രതിസന്ധിയാണ്, തൊഴിലാളികൾ പട്ടിണിയിലാണെന്നു പറഞ്ഞുകൊണ്ട് നിങ്ങളുടെ നേതൃത്വത്തിൽ, യു. ഡി. എഫ്.-ന്റെ പ്രതിനിധിസംഘം പോകുന്നു, ആ പാവപ്പെട്ട തൊഴിലാളികളുമായി നിന്ന് ഫോട്ടോ എടുക്കുന്നു, അത് പത്രത്തിൽ വരുന്നു, അതിലൂടെ വോട്ട് നേടാൻ ശ്രമിക്കുന്നു, അങ്ങനെ എന്തെല്ലാം പ്രഹസനങ്ങളാണ് കഴിഞ്ഞ കാലങ്ങളിൽ നടന്നത്? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് രണ്ടു വർഷമായി. തോട്ടം മേഖല വലിയ പ്രതിസന്ധിയിലാണ്. നേരത്തെയുള്ളതിനെക്കാൾ എത്രയോ വലിയ പ്രതിസന്ധിയിലാണ്. ഇവിടെ തൊഴിൽ വകുപ്പ് എന്നു പറഞ്ഞ് ഒരു വകുപ്പുണ്ടോ? ഈ പ്രശ്നങ്ങൾ പരിഹരിക്കുവാനാവശ്യമായ മുൻകരുതൽ എടുക്കുന്നുണ്ടോ? എന്തെങ്കിലും സംവിധാനമുണ്ടോ? നിങ്ങൾ കഴിഞ്ഞ കാലങ്ങളിൽ ഇങ്ങനെയുള്ള ചില പ്രഹസനങ്ങൾ നടത്തിയിരുന്നു എങ്കിൽ നിങ്ങൾക്ക് ചെയ്യുവാൻ കഴിയുന്ന ഒരു സാഹചര്യം വന്നപ്പോൾ, തൊഴിലാളികളേയും ഈ മേഖലയേയും വഞ്ചിക്കുന്ന ഒരു സമീപനമാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. തോട്ടം മേഖല വലിയ പ്രതിസന്ധിയിലാണ്, അതിന് പരിഹാരം കാണണമെന്ന് തൊഴിൽവകുപ്പു മന്ത്രിയും പറയുന്നു, അതുപോലെ നമ്മുടെ മുഖ്യമന്ത്രിയും പറയുന്നു. ഇവിടെ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഏഷ്യയിലെ ഏറ്റവും നല്ല തോട്ടമായി ബോണക്കാട് തേയില തോട്ടത്തെ മാറ്റി എടുത്തത് ഈ വകുപ്പിന്റെ കീഴിലാണെന്നുള്ള കാര്യം അങ്ങു വിസ്മരിക്കുന്നുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: അതു കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും നല്ലതുപോലെ പ്രവർത്തിച്ച് അംഗീകാരമൊക്കെ വാങ്ങിയ തോട്ടം തന്നെയാണ്. അതു ഈ ഗവൺമെന്റിന്റെ പ്രത്യേകമായ ഇടപെടലൊന്നും കൊണ്ടല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും നല്ലതുപോലെ പ്രവർത്തിച്ച തോട്ടമാണ്, ഇപ്പോഴും നല്ലതുപോലെ പ്രവർത്തിക്കുന്ന തോട്ടമാണ്. ഗവൺമെന്റ് ഒരു സ്റ്റാന്റിംഗ് കമ്മിറ്റി മുഖീകരിച്ചു, അതിന്റെ തീരുമാനമനുസരിച്ച് എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയോ? സ്റ്റാന്റിംഗ് കമ്മിറ്റിയിൽ മുതലാളിമാരുടെ താൽപ്പര്യങ്ങൾ മാത്രമാണ് സംരക്ഷിക്കപ്പെടുന്നത്. തൊഴിലാളികളുടെ കാര്യങ്ങൾ ചർച്ച ചെയ്യുന്നില്ല, തൊഴിലാളികളുടെ വികാരം പരിഗണിക്കുന്നില്ല. മുതലാളിമാരുടെ താല്പര്യങ്ങൾ മാത്രമാണ് സ്റ്റാന്റിംഗ് കൗൺസിൽ മുഖീകരിച്ചുകൊണ്ട് ചർച്ച ചെയ്യുന്നത്. തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ശമ്പളം പുതുക്കുന്നതു സംബന്ധിച്ച കരാർ അവസാനിച്ചിട്ട് ഒരു വർഷമായി.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ശമ്പളം തന്നെ കൊടുത്തിട്ടു ഒരു വർഷമായി, പിന്നെയാണ് കരാർ പുതുക്കുന്നതിനെക്കുറിച്ചു പറയുന്നത്.

ശ്രീ. പി. എസ്. സുപാൽ: ഇവിടെ ഒരു ഗവൺമെന്റ് ഇല്ലെന്നു പറയുന്നതിന്റെ കാരണവും അതുതന്നെയാണ്. ബന്ധപ്പെട്ട മാനേജുമെന്റിൽ സമ്മർദ്ദം ചെലുത്തി, അവരെ വരച്ച വരയിൽ കൊണ്ടുവന്നു ഈ വിഷയത്തിൽ ഒരു തീരുമാനം എടുപ്പിക്കാൻ കഴിയുന്നില്ല. അതാണ് ഗവൺമെന്റിന്റെ പരാജയം എന്നു ഞാൻ പറയുന്നത്. ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ട് ഒരു വർഷമായി. ഉള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല. അതു വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ തോട്ടം മേഖല കടുത്ത പ്രതിസന്ധിയിലാണ്, പട്ടിണിയിലാണ്. കുട്ടികളുടെ വിദ്യാഭ്യാസം നടത്താൻ കഴിയുന്നില്ല. തികഞ്ഞ അരാചകത്വമാണ് നടക്കുന്നത്. നമ്മുടെ തോട്ടം മേഖലയിൽ പട്ടിണി മരണം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. വളരെ ഗുരുതരമായ ഈ സാഹചര്യത്തിലും വളരെ നിസംഗതയോടെ നിങ്ങൾ എല്ലാം നോക്കിനിൽക്കുകയാണ്.

ശ്രീ. ബിനോയ് വിശ്വം: വരച്ച വരയിൽ നിർത്തിക്കൊണ്ട് മുതലാളിമാരെക്കൊണ്ടു കാര്യങ്ങൾ ചെയ്യിപ്പിക്കണമെന്നു പറഞ്ഞു. ഇവിടെ അദ്ദേഹം പറഞ്ഞു കഴിഞ്ഞു അതൊക്കെ ടി. കെ. ദിവാകരന്റെ കാലത്താണ് എന്ന്. ആ കാലം പോയി എന്നും ശ്രീ. ബാബു ദിവാകരന്റെ കാലം വന്നുകഴിഞ്ഞു എന്നും അദ്ദേഹം പറഞ്ഞു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സി. എ. കുര്യനെപ്പോലെയുള്ള നേതാക്കന്മാർക്ക് ഒരു നല്ല നിലപാട് ഈ കാര്യത്തിൽ എടുക്കാൻ കഴിഞ്ഞാൽ ഇതെല്ലാം നമുക്കു പരിഹരിക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ: സി. എ. കുര്യൻ എന്നു പറയുന്നത് കേരളത്തിലെ തൊഴിലാളികളുടെ അനിഷേധ്യനായ നേതാവാണ്. അക്കാര്യത്തിൽ ഒരു തർക്കവും വേണ്ട. അദ്ദേഹം തൊഴിലാളികൾക്കു വേണ്ടി പ്രവർത്തിച്ചതുപോലെ, തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടിയതുപോലെ മറ്റൊരു നേതാവും പ്രവർത്തിച്ചിട്ടില്ല. അതുകൊണ്ട് അദ്ദേഹത്തെ പ്രതിസ്ഥാനത്ത് നിർത്തേണ്ട കാര്യമൊന്നുമില്ല. ഇവിടെ ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുക. ഇന്നു കേരളത്തിലെ തോട്ടം മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിക്കു പരിഹാരം കാണുവാൻ, സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുക. അങ്ങനെ ചെയ്തുകൊണ്ട് ആ മേഖലയിലെ പ്രതിസന്ധിക്കു പരിഹാരം കണ്ടെത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ ആവശ്യങ്ങൾക്കൂടി ഇതിൽ ഉൾപ്പെടുത്തണം എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ശ്രീ. ഇ. എം. അഗസ്തി അവതരിപ്പിച്ച ഈ പ്രമേയം ഈ കാലഘട്ടത്തിന്റെ ഏറ്റവും അത്യാവശ്യമായ, എല്ലാവരും ശ്രദ്ധ പതിപ്പിക്കേണ്ട ഒരു വിഷയമാണ്. അതിനെ ഞാൻ പിന്താങ്ങുകയാണ്. ഇന്നു തോട്ടം മേഖല പ്രതിസന്ധിയിലാണെന്നു പറയുമ്പോൾ അതിന്റെ എല്ലാ വശങ്ങളും പരിശോധിക്കണം. മുതലാളിമാരെ സംബന്ധിച്ചിടത്തോളം അതു റീപ്ലാന്റു ചെയ്യാനോ നന്നാക്കാനോ ഉള്ള ഒരു ശ്രമവും അവരുടെ ഭാഗത്തു നിന്നുണ്ടാകില്ല. കാരണം അവർക്ക് വില കിട്ടുന്നില്ല. വില കിട്ടാത്തതുകൊണ്ടു തന്നെ ഉല്പാദന ചെലവു കൂടുന്നു. അതുകൊണ്ട് വെറുതെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഒരു തോട്ടം നന്നാക്കേണ്ട ആവശ്യം അവർക്കില്ല. ആ നിലയിലാണ് തോട്ടം മുതലാളിമാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വിലയുണ്ടെങ്കിൽ മാത്രമേ മുതലാളിമാർക്ക് താല്പര്യം ഉണ്ടാകൂ എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. മുതലാളിമാർ റീപ്ലാന്റു ചെയ്യാനോ ഉല്പാദനം വർദ്ധിപ്പിക്കുവാനോ ഒന്നും തയ്യാറാകാത്തതുകൊണ്ട് തൊഴിലാളികൾക്കു പണിയുമില്ല. അവിടെ ഉള്ള തൊഴിലാളികൾക്കു തന്നെ മാസങ്ങളോളമായി ശമ്പളവും കിട്ടുന്നില്ല. വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികൾക്ക് മാസങ്ങളോളമായി ശമ്പളം കിട്ടിയിട്ട്. അതിനാൽ അവർക്ക് നിത്യജീവിതം തന്നെ മുന്നോട്ടു കൊണ്ടു പോകാൻ വഴിയില്ലാതെ പ്രയാസം അനുഭവിക്കുകയാണ്. അവരുടെ കുട്ടികൾ പഠിക്കുന്ന തോട്ടം മേഖലയിലെ സ്കൂളുകൾ മുഴുവൻ അടച്ചുപൂട്ടിക്കഴിഞ്ഞു. അവിടെ ആശുപത്രികൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല. മഴക്കാലമായതിനാൽ കമ്പിളി ഇല്ലാതെ ജോലിക്കു പോകാൻ കഴിയുന്നില്ല. ജോലിക്കു പോയില്ലെങ്കിൽ പിരിച്ചുവിടുന്ന അവസ്ഥപോലും അവിടെയുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അതേറ്റെടുക്കാൻ കഴിയാത്ത ഒരു അവസ്ഥയുണ്ട്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് തോട്ടം മേഖല നിലനിർത്തുന്നതിനുവേണ്ടി മുതലാളിമാർക്ക് താല്പര്യമില്ലെങ്കിൽ സഹകരണ മേഖലാ അടിസ്ഥാനത്തിൽ ഇതു ഏറ്റെടുക്കാൻ തൊഴിലാളികളെ തന്നെ പങ്കെടുപ്പിച്ചുകൊണ്ട് ഇതു മുന്നോട്ടു കൊണ്ടുപോകുവാൻ പറ്റുമോ എന്നു പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആ രീതിയുലുള്ള ഒരു ചിന്ത

ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ആസാം ബ്രൂക്കിന്റെ കാര്യം. ഗവൺമെന്റ് ഇടപെട്ടതുകൊണ്ടാണ് അതു വീണ്ടും തുറന്നു പ്രവർത്തിപ്പിക്കാനായത്. ശ്രീ. എ. സുജനപാൽ പറഞ്ഞു, ചായക്ക് വില കുറവാണ് എന്ന്. വിയറ്റ്നാമിൽ നിന്നും ശ്രീലങ്കയിൽ നിന്നും തേയില ഇറക്കുമതി ചെയ്തതുകൊണ്ടാണ് തേയിലയ്ക്ക് വിലയിടിഞ്ഞത്. 15 –ഉം 20–ഉം രൂപയാണ് തേയില വില്ക്കുമ്പോൾ കമ്പനിക്കു കിട്ടുന്നത്. എന്നാൽ മാർക്കറ്റിൽ വലിയ വിലയാണ് ഈടാക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ ഇറക്കുമതി നയം മൂലമാണ് വിലക്കുറവു ഉണ്ടായത് എന്ന കാര്യത്തിൽ സംശയമില്ല. ശ്രീലങ്കയിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നും ഇറക്കുമതിയിൽ നിയന്ത്രണം വന്നാൽ തന്നെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കാനും അതുവഴി കൂടുതൽ വില ലഭ്യമാക്കാനും സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ തെറ്റായ നയം തിരുത്തണമെന്ന് ആവശ്യപ്പെടുന്ന ഈ പ്രമേയത്തിനെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട അംഗം അനിൽകുമാർ ഇവിടെ പറഞ്ഞത് സംസ്ഥാന ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയില്ല, അതുകൊണ്ട് മുഖ്യമന്ത്രി കേന്ദ്രം ഭരിക്കുന്ന ബി. ജെ. പി. യോട് ശക്തമായി ആവശ്യപ്പെടണം എന്നാണ്. പക്ഷേ ബി. ജെ. പി. കണ്ണുരുട്ടുമ്പോൾ മൂത്രമൊഴിക്കുന്ന മുഖ്യമന്ത്രിയാണ് കേരളം ഭരിക്കുന്നത് എന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. സി. മമ്മൂട്ടി: ഇല്ല. അതറിയില്ല. ശ്രീ. അനിൽകുമാർ പറഞ്ഞത് കേരളാ ഗവൺമെന്റിനു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട് എന്നുള്ളതിനു തെളിവാണ് ബഹു. വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരന്റെ നേതൃത്വത്തിൽ അടഞ്ഞുകിടന്ന പല ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞത് എന്നാണ്. ആസാം ബ്രൂക്കിന്റെ കാര്യം തന്നെ എടുക്കാം. അവിടെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിച്ച് വീണ്ടും അവിടെ തൊഴിൽ ലഭിക്കാനുള്ള അവസരം ഉണ്ടാക്കി. അങ്ങനെ ഗവൺമെന്റിനു ചെയ്യാൻ കഴിയുന്ന ഒരുപാടു കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ മുഴുപട്ടിണിയിൽ കിടക്കുന്ന കുടുംബത്തിന് ഒരു ആശ്വാസം എന്ന നിലയിൽ അഞ്ചു കിലോ അരി വീതം ഒരു കുടുംബത്തിനു കൊടുക്കുന്നുണ്ട്. അഞ്ചു കിലോ അരി വീതം കൊടുക്കുന്നതു വലിയ കാര്യമല്ലേ? പട്ടിണിമാറ്റാൻ വേണ്ടി ചെയ്യുന്നതാണ്.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട അംഗം, നമ്മുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്ന കാര്യമൊക്കെ പറഞ്ഞല്ലോ. പഴയ ഒരു ബന്ധം, അതായത് കൽക്കട്ടയിലെ പീരങ്കി മൈതാനത്ത് ഇ. എം. എസ്.-ഉം ജ്യോതിബാസുവും വാജ്പേയിയും അദ്വാനിയും എല്ലാം കൂടി കൈകോർത്തു പിടിച്ചുനിന്നുകൊണ്ട് പ്രതിജ്ഞ എടുത്ത ഒരു കാലഘട്ടം ഉണ്ടായിരുന്നു. ആ ബന്ധം ഒന്നു പുതുക്കുന്നതു ഈ സാധനങ്ങൾക്കു വില കിട്ടാൻ സാധ്യതയുണ്ടെന്നുള്ള കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി: അതു ശരിയാണ്. ഇപ്പോൾ തന്നെ ഇവിടെ ലേബർ മന്ത്രി പറഞ്ഞു, ഇവിടെ തൊഴിലാളി നേതാക്കന്മാർ സഹകരിക്കുകയാണെങ്കിൽ ഒരുപാടു മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയും എന്ന്. അതുകൊണ്ട് തൊഴിലാളികളും മുതലാളിമാരും സർക്കാരും എല്ലാവരും കൂടി ഇതിനെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കുവാൻ മുന്നോട്ടു വരണമെന്നു അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ: ശ്രീ. പി. ടി. തോമസ് പറഞ്ഞ ഒരു മൈതാനമേ കൽക്കട്ടയിൽ ഇല്ല.

ശ്രീ. സി. മമ്മൂട്ടി: ശ്രീ. എം. വി. ജയരാജൻ അവിടെ പോകാത്തതുകൊണ്ടാണ്. നേരത്തെ അവിടെ മൈതാനം ഉണ്ടായിരുന്നു.

ശ്രീ. ഇ. എം. അഗസ്തി: ശ്രീ. എം. വി. ജയരാജൻ പറഞ്ഞത് അവിടെ മൈതാനമേ ഇല്ലെന്നാണ്. ഇനി കൽക്കട്ട ഇല്ലെന്നു കൂടി പറയുമോ എന്നുള്ളതാണ് എന്റെ പേടി.

ശ്രീ. സി. മമ്മൂട്ടി: ഇപ്പോൾ കൊൽക്കത്ത ആയതുകൊണ്ട് മാറിപ്പോയതായിരിക്കും. എന്തായാലും ഈ പ്രതിസന്ധി ഇല്ലായ്മ ചെയ്യുവാനും കേന്ദ്ര ഗവൺമെന്റ് ഇറക്കുമതി നയം പുനഃപരിശോധിച്ചുകൊണ്ടും മറ്റു രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന തേയിലയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും ഇവിടെ വില ഉണ്ടാക്കുവാനും അതു വഴി തൊഴിലാളികൾക്കും നാടിനും ഗുണകരമാവും വിധത്തിൽ ഒരു അവസ്ഥ ഉണ്ടാക്കുന്നതിനുംവേണ്ടി സഹായകമായ രീതിയിൽ ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ബഹുമാന്യനായ ഇ. എം. അഗസ്തി കൊണ്ടുവന്ന പ്രമേയത്തെ തത്വത്തിൽ ഞാൻ അംഗീകരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയത്തിന്റെ ഫലമായി തേയില വ്യവസായം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ചാണ് അദ്ദേഹം ഈ പ്രമേയത്തിലൂടെ ചൂണ്ടിക്കാണിച്ചത്. ഈ പ്രമേയത്തോട് ചർച്ചയിൽ പങ്കെടുത്ത ഭൂരിപക്ഷം അംഗങ്ങളും യോജിക്കുകയാണുണ്ടായത്. അദ്ദേഹം പറഞ്ഞ പ്രധാനപ്പെട്ട കാര്യം കേന്ദ്ര ഇറക്കുമതിയുടെ തെറ്റായ നയംകൊണ്ടാണ് ഈ വ്യവസായത്തിൻ ഇത്രയും വലിയ പ്രതിസന്ധിയുണ്ടായത് എന്നാണ്. ഞാൻ അതിനോട് യോജിക്കുകയാണ്. അതുപോലെ ബഹുമാനപ്പെട്ട പി. എസ്. സുപാൽ ഇവിടെ ഇത് ചൂണ്ടിക്കാണിച്ചപ്പോൾ ഈ തെറ്റായ നയം നടപ്പിലാക്കിയതിൽ അദ്ദേഹത്തിന്റെ പാർട്ടിക്കുള്ള പങ്കുകൂടി ചൂണ്ടിക്കാണിക്കേണ്ടതായിരുന്നു. നമുക്കെല്ലാം അറിയാം 1991-ലാണ് നമ്മൾ പുത്തൻ സാമ്പത്തിക പരിഷ്ക്കാരത്തിന്റെ വക്താക്കളായി മാറിയത്. ആ പുത്തൻ സാമ്പത്തിക നയം കൊണ്ടുവന്ന സന്ദർഭത്തിൽത്തന്നെ ഇത്തരം ആശങ്കകളെല്ലാം അന്ന് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

നാടിന് വമ്പിച്ച നേട്ടമുണ്ടാകുമെന്നാണ് അന്ന് അവർ പ്രചരണം നടത്തിയിരുന്നത്. പക്ഷെ ആദ്യംതന്നെ ഇടതുപക്ഷ പ്രസ്ഥാനം പറഞ്ഞു ഇത് നമ്മുടെ നാടിന് നേട്ടമല്ല പ്രതിസന്ധിയായിരിക്കും ഉണ്ടാക്കാൻ പോകുന്നതെന്ന്. അത് ശരിയാണെന്നാണ് നമ്മുടെ നാനാ മേഖലയിൽ ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ ചൂണ്ടിക്കാണിക്കുന്നത്. ആ പ്രതിസന്ധിക്ക് പരിഹാരം കാണാനുള്ള ക്രിയാത്മകമായ സമീപനം സ്വീകരിക്കണമെന്ന് പറയുന്നതിനോട് നമ്മളെല്ലാപേരും യോജിക്കുകയാണ്. അന്ന് കോൺഗ്രസ് കൊണ്ടുവന്ന നയങ്ങളാണ് ഇന്ന് ബി. ജെ. പി. ഗവൺമെന്റ് വളരെ ശക്തമായി മുന്നോട്ടു കൊണ്ടുപോകുന്നത്. ഇതിന്റെ ദുരന്തമാണ് തോട്ടം മേഖലയിലെല്ലാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. കെ. മണി : അങ്ങ് മുൻ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രി ആയിരുന്നല്ലോ. അങ്ങ് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തതുകൊണ്ടാണ് ഇന്ന് അപ്പുറത്തിരിക്കാൻ കാരണമായത്. തോട്ടം മേഖലയിൽ പണിയെടുക്കുന്ന 85 ശതമാനത്തോളം ആളുകളും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളാണ്. പ്രതിപക്ഷത്തുള്ളവരും ഭരണ പക്ഷത്തുള്ളവരും ഇതിനെ പിൻതാങ്ങിയതുകൊണ്ട് കാര്യമില്ല, മറ്റേതെങ്കിലും ഒരു മാർഗ്ഗം ഉണ്ടാക്കാനുള്ള നിർദ്ദേശം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, സംസ്ഥാനത്തെ ഏറ്റവും നല്ല മന്ത്രിയായിരുന്നു ശ്രീ. കെ. രാധാകൃഷ്ണനെന്ന് ശ്രീ. എ. കെ. മണി പറഞ്ഞതിൽ നമുക്ക് നന്ദിയുണ്ട്. അദ്ദേഹം നടപ്പാക്കിയ പല നടപടികളുമാണ് ഇപ്പോഴും തുടർന്നുവരുന്നത്. തോട്ടം തൊഴിലാളി രംഗവുമായി ബന്ധപ്പെട്ട് പറയുമ്പോൾ ശ്രീ. കെ. രാധാകൃഷ്ണൻ ഒരു തോട്ടം തൊഴിലാളിയാണ്. അദ്ദേഹത്തിന്റെ അച്ഛനും അമ്മയും തോട്ടം തൊഴിലാളികളായിരുന്നു. അതുകൊണ്ട് ആ തൊഴിലാളികളുടെ ലയത്തിൽ ജീവിച്ചുവളർന്ന, അവരുടെ വികാരം ഉൾക്കൊണ്ട ഒരു വ്യക്തിയെന്ന നിലയിൽ അദ്ദേഹത്തിന് അനുഭവമുള്ളതുകൊണ്ട് അവരുടെ കാര്യത്തെക്കുറിച്ചൊന്ന് വിശദീകരിച്ചാൽ നന്നായിരുന്നു.

ശ്രീ. ഇ. എം. അഗസ്തി : ശ്രീ. കെ. രാധാകൃഷ്ണന് അറിയുന്നതുപോലെ മറ്റാർക്കും തോട്ടം തൊഴിലാളികളുടെ പ്രശ്നത്തെക്കുറിച്ച് അറിയില്ല. തോട്ടം തൊഴിലാളികളുടെ മകനായി ജനിച്ചു വളർന്നു എന്നു മാത്രമല്ല പീരുമേട്ടിലാണ് അദ്ദേഹത്തിന്റെ ചെറുപ്പകാലം. പീരുമേട്ടിലെ തോട്ടം തൊഴിലാളികളുടെ ദുരവസ്ഥ മുഴുവൻ അറിയാവുന്ന ഒരാളാണ്. അദ്ദേഹത്തിന്റെ പ്രതിബദ്ധതയെയൊക്കെ ഞാൻ മാനിക്കുന്നു. പക്ഷെ എനിക്കൊരു സംശയം ഈ തെറ്റായ സാമ്പത്തിക നയം നടപ്പിലാക്കിയതിൽ കോൺഗ്രസ്സിന്റെ പങ്കെന്ന് അദ്ദേഹം സൂചിപ്പിച്ചു. അങ്ങേയ്ക്ക് ഈ പ്രമേയത്തിൽ ഒരു ഭേദഗതി കൊണ്ടുവരാൻ പാടില്ലായിരുന്നോ? ഈ സഭയിൽ കോൺഗ്രസിനെ കുറ്റപ്പെടുത്താൻ വേണ്ടി തുടർ ന്യായങ്ങൾ കണ്ടെത്താതെ ദുരിതമനുഭവിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ അങ്ങയുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ സഹായകമായ ഒരു നിലപാട് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : മൂന്ന് മെമ്പർമാരുടെ ചോദ്യങ്ങൾക്ക് മറുപടി പറയണം. ബഹുമാന്യനായ എ. കെ. മണി പറഞ്ഞത് ശരിയാണ്. തോട്ടം മേഖലയിൽ പണിയെടുക്കുന്ന ഏകദേശം 85 ശതമാനത്തോളം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളാണ്. അത് ശരിതന്നെയാണ്. അതുപോലെ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞു ഞാൻ ഒരു തോട്ടം തൊഴിലാളിയുടെ മകനാണെന്ന്. ശരിയാണ് തോട്ടം തൊഴിലാളികളാണ് എന്റെ അച്ഛനും അമ്മയും. എന്റെ ചേട്ടൻ ഇപ്പോഴും പുള്ളിക്കാനത്തെ തോട്ടം തൊഴിലാളി തന്നെയാണ്. ഈ തൊഴിലാളികളുടെ സ്ഥിതി അതിദയനീയമാണെന്ന് പറയേണ്ട ആവശ്യമില്ല. മൂന്നു ലക്ഷത്തോളം തൊഴിലാളികളാണ് സ്ഥിരമായി തേയിലത്തോട്ടത്തിൽ പണിയെടുത്തുകൊണ്ടിരിക്കുന്നത്. ഏകദേശം പത്ത്, പതിനേഴ് ലക്ഷത്തോളം, അല്ലെങ്കിൽ കേരളത്തിലെ ജനസംഖ്യയുടെ പത്ത് പതിനേഴ് ശതമാനത്തോളം ആളുകൾ തേയിലത്തോട്ടങ്ങളെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഇന്ന് ഇവരുടെ ജീവിതമെന്നു പറയുന്നത് നരകതുല്യമാണ്, പറഞ്ഞറിയിക്കാൻ കഴിയാത്ത് ഒരവസ്ഥയാണ്. അത്രയേറെ ദുരിതവും കഷ്ടപ്പാടുമാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയംകൊണ്ടും അതോടൊപ്പംതന്നെ ഇവിടെ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ സംസ്ഥാന ഗവൺമെന്റിന്റെ വേണ്ടത്ര ഇടപെടലില്ലാത്തതുകൊണ്ടും മാനേജുമെന്റ് കാണിക്കുന്ന നിരുത്തരവാദിത്വം കൊണ്ടുമൊക്കെയാണ് ഈ ദുരിതങ്ങളിലേയ്ക്ക് തൊഴിലാളികളെ തള്ളിനീക്കപ്പെട്ടത്. തൊഴിൽ മേഖലയിൽ ഇന്ന് നിലനിൽക്കുന്ന പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ വേണ്ടി ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. ആ നടപടികൾ എത്രകണ്ട് ഫലപ്രദമാണെന്ന് നാം പരിശോധിക്കേണ്ടതുണ്ട്. നമുക്കെല്ലാം അറിയാം ഇന്ന് തേയിലത്തോട്ടങ്ങളെ നിയന്ത്രിക്കുന്നത് ഉത്തരേന്ത്യൻ കുത്തകകളാണ് അതുപോലെ ഒരുപിടി മുതലാളിമാരുമാണ്. അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് ഈ മേഖലയെ മാറ്റിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട എ. സുജനപാൽ ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട് ലോക്കൽ മാർക്കറ്റിൽ തേയിലയുടെ വില വർദ്ധിക്കുകയാണ്. നമുക്കറിയാം ചായയുടെ വിലപോലും കൂടുകയാണ്. എം. എൽ. എ. ഹോസ്റ്റലിൽ ചായയ്ക്ക് 50 പൈസ വർദ്ധിച്ചു. ലോക്കൽ മാർക്കറ്റിൽ വില വർദ്ധിച്ചു വരുന്നുണ്ട്. എന്നിട്ടും എന്തുകൊണ്ട് ഈ പ്രതിസന്ധി ഉണ്ടാകുന്നുയെന്നുള്ളത് വളരെ ഗൗരവതരമായി ചിന്തിക്കേണ്ടതാണ്. അവിടെയാണ് ഞാൻ നേരത്തെപ്പറഞ്ഞ ഉത്തരേന്ത്യൻ ലോബിയുടേയും മുതലാളിമാരുടേയും കള്ളക്കളികൾ നമുക്ക് കാണാൻ കഴിയുന്നത്. ബോധപൂർവ്വം ഈ മേഖലയിൽ പ്രതിസന്ധിയുണ്ടാക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്. അതുകൂടി തിരിച്ചറിഞ്ഞുകൊണ്ട് ഗവൺമെന്റിന് ഫലപ്രദമായി ഇടപെടാൻ കഴിയേണ്ടതായിട്ടുണ്ട്. കേന്ദ്രം ഭരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ അത്രയേറെ ഇടപെടാൻ അവർ തയ്യാറാകില്ലായെന്ന് ഞാൻ പറയാതെതന്നെ എല്ലാപേർക്കും അറിയാം. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിനാണെങ്കിൽ തൊഴിലാളികളുടേയോ കർഷകരുടേയോ, പാവപ്പെട്ടവരുടേയോ താല്പര്യം സംരക്ഷിക്കുകയെന്നുള്ളതല്ല അവരുടെ നയം. അവർ വേറെ ചില കാര്യങ്ങളാണ് പറയുന്നത്. അവർ പള്ളി പൊളിക്കുന്നതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചും, മദ്രസകൾ പൂട്ടുന്നതിനെ സംബന്ധിച്ചും അയോദ്ധ്യയിൽ അമ്പലം നിർമ്മിക്കുന്നതിനെപ്പറ്റിയൊക്കെയാണ് ചർച്ച ചെയ്യുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് അങ്ങനെ ചെയ്യുന്നില്ലായെന്നുള്ളതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് പരിശ്രമിക്കുന്നുണ്ടായെന്ന് പരിശോധിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റും വേണ്ടത്ര കാര്യമായി മുന്നോട്ടു പോകുന്നില്ലായെന്നാണ് കാണാൻ കഴിയുന്നത്. കേന്ദ്രത്തിൽ പള്ളിപൊളിക്കുന്നതാണ് ചർച്ച ചെയ്യുന്നതെങ്കിൽ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ന്യൂനപക്ഷങ്ങൾ വളരെ സമ്മർദ്ദങ്ങൾ ഉപയോഗിച്ചുകൊണ്ട് പല കാര്യങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്നു എന്നുപറഞ്ഞുകൊണ്ടുള്ള നിലപാടാണ് സ്വീകരിക്കുന്നത്. ജനങ്ങളുടെ പ്രശ്നങ്ങൾ എന്താണെന്ന് മനസ്സിലാക്കി അതിന് പരിഹാരമുണ്ടാക്കാനുള്ള ക്രിയാത്മകമായ സമീപനമല്ല കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിച്ചു വരുന്നത്. അതിന്റെ ദുരന്തം തന്നെയാണ് തോട്ടം മേഖലയിലും തൊഴിൽ മേഖലയിലും ഉണ്ടായിരിക്കുന്ന പ്രതിസന്ധി. ഇവിടെ തോട്ടം തൊഴിലാളികളുടെ സ്ഥിതിയെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. അവരുടെ താമസസ്ഥലമെന്നൊക്കെ പറയുന്നത്, പണ്ട് ബ്രിട്ടീഷുകാരുടെ കാലത്ത് പണിതുകൊടുത്ത ലയങ്ങളിലാണ് അവർ ഇപ്പോഴും താമസിക്കുന്നത്. മഴക്കാലം വന്നതോടുകൂടി ലയങ്ങളെല്ലാം ചോർന്നൊലിച്ച് കഷ്ടപ്പെടുകയാണ്. അതുപോലെത്തന്നെ അവിടെ വെളിച്ചം ലഭിക്കുന്നില്ല. ആശുപത്രികളിൽ സൗകര്യങ്ങൾ ഇല്ല. പട്ടിണിയാണ്. സ്കൂൾ തുറന്ന സന്ദർഭത്തിൽ വളരെ ദുരിതമാണ് അവിടെ കാണാൻ കഴിഞ്ഞത്. മക്കളെ സ്കൂളുകളിലേയ്ക്ക് അയയ്ക്കാൻ കഴിയാതെ ധാരാളം തൊഴിലാളികൾ പ്രയാസങ്ങൾ അനുഭവിക്കുന്നു. ഹയർ സ്റ്റഡീസിന് എഞ്ചിനീയറിംഗ് കോളേജിലും മെഡിക്കൽ കോളേജിലുമെല്ലാം തോട്ടം തൊഴിലാളികളുടെ മക്കൾ പഠിക്കുന്നുണ്ട്. ആ മക്കളെല്ലാം തിരിച്ചുപോകേണ്ട സ്ഥിതിയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇടുക്കി ജില്ലയിലെ തോട്ടം തൊഴിലാളികളുടെ കുട്ടികൾക്ക് യൂണിഫോം വാങ്ങാൻ കഴിയാത്തതിന്റെ ഫലമായി സ്കൂളിൽ പോകാൻ സാധിക്കാത്ത ഒരു സാഹചര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? യൂണിഫോം വാങ്ങാൻ ഗതിയില്ലാത്തതിന്റെ ഫലമായി കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയാത്ത ഒരു സാഹചര്യം ശ്രീ. ബാബു ദിവാകരൻ തൊഴിൽ വകുപ്പുമന്ത്രി ആയിരിക്കുന്ന കാലത്താണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, അത് ചോദിച്ചത് നന്നായി. അങ്ങനെ ഒരു കുട്ടി യൂണിഫോം ഇല്ലാത്തതിന്റെ പേരിൽ സ്കൂളിൽ പോകാതിരുന്നു എന്നതുതന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ
11.00 A.M.] പെടുന്നത് അതിനുശേഷമാണ്. ഞങ്ങൾ അന്നുതന്നെ ഇടപെട്ട് ഒരു കാര്യം ചെയ്തു. അവിടെ യൂണിഫോം ഇല്ലായെന്നുള്ള കാരണത്താൽ ഒരു കുട്ടിയും സ്കൂളിൽ അറ്റൻഡ് ചെയ്യാതിരിക്കാൻ പാടില്ലായെന്ന് വളരെ വ്യക്തമായ നിർദ്ദേശം

അവിടുത്തെ ഡെപ്യൂട്ടി ഡയറക്ടർ മുഖേന എല്ലാ സ്കൂളുകൾക്കും കൊടുത്തിട്ടുണ്ട്. യൂണിഫോം ഇല്ലായെന്നുള്ള കാരണത്താൽ സ്കൂളിൽ അറ്റൻഡ് ചെയ്യാതിരിക്കാൻ പാടില്ല. അതു മാത്രമല്ല, ഈ വർഷം മുതൽ ആ പ്രദേശത്തെ സ്കൂളുകളിലെ എല്ലാ കുട്ടികൾക്കും ആവശ്യമായ യൂണിഫോം കൊടുക്കുന്നതിന് എല്ലാ ഏജൻസികളുടേയും സഹായത്തോടെയുള്ള സംവിധാനം ഉണ്ടാക്കുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചപ്പോൾ യൂണിഫോമിന്റെ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവെന്ന് സൂചിപ്പിക്കുകയുണ്ടായി. യൂണിഫോം ധരിക്കാത്തതിന്റെ പേരിൽ, വീട്ടിലെ പട്ടിണിയും സ്കൂളിൽനിന്ന് ഇറക്കിവിട്ടതിന്റേയും ഫലമായി ഒൻപതാം ക്ളാസ്സിൽ പഠിക്കുന്ന വേളാങ്കണ്ണി എന്നു പറയുന്ന ഒരു കുട്ടി കത്തെഴുതിവച്ച് ആത്മഹത്യ ചെയ്തു. അത് മറന്നിട്ടാണോ ഇങ്ങനെ സംസാരിക്കുന്നത്?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): അതു കഴിഞ്ഞതിനുശേഷമാണ് ആ ഇഷ്യൂ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുന്നത്. അപ്പോൾതന്നെ ഒരു കാരണവശാലും യൂണിഫോം ഇല്ലായെന്നുള്ള കാരണത്താൽ സ്കൂളിൽ അറ്റൻഡ് ചെയ്യാതിരിക്കാൻ പാടില്ലായെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബാങ്കുകളുടേയും മറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുടേയുമെല്ലാം സഹായത്തോടുകൂടി എല്ലാ കുട്ടികൾക്കും യൂണിഫോം ഉറപ്പുവരുത്തുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: യൂണിഫോമിന്റെ പ്രശ്നത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. വേളാങ്കണ്ണി എന്നുപറയുന്ന ഒൻപതാം ക്ളാസ്സിൽ പഠിക്കുന്ന വണ്ടിപ്പെരിയാറിലുള്ള ഒരു കുട്ടിയാണ് ആത്മഹത്യ ചെയ്തത്. അതുപോലെ യൂണിഫോം ഇല്ലാത്തതിന്റെ പേരിൽ സ്കൂളിൽ പോകാൻ കഴിയാത്ത ഒരുപാട് കുട്ടികളുണ്ട്. ഈ വർഷംതന്നെ പീരുമേട്ടിൽ പുള്ളിക്കാനം എന്നുപറയുന്ന തേയില എസ്റ്റേറ്റിൽ ബഹുമാന്യനായ പി.സി. ജോർജ് എം.എൽ.എ.യുടെ നേതൃത്വത്തിൽ 640-ഓളം കുട്ടികൾക്ക് യൂണിഫോം കൊടുത്തതു കൊണ്ടാണ് അവർക്ക് സ്കൂളിൽ പോകാൻ കഴിഞ്ഞത്. പുറമേ പഠിക്കാൻ പോയ ഒരുപാട് കുട്ടികളുണ്ട്. ഞാൻ നേരത്തേ പറഞ്ഞതുപോലെ എഞ്ചിനീയറിംഗ് കോളേജിലും മെഡിക്കൽ കോളേജിലും മറ്റ് കോളേജുകളിലുമൊക്കെ പോയ കുട്ടികൾ പഠനം നിർത്തി തിരിച്ചുപോകുകയാണ്. അവരെ സംരക്ഷിക്കാൻ എന്തെങ്കിലും ഒരു നയം ഈ ഗവൺമെന്റ് സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ആ മേഖലയിലുള്ള ഏതെങ്കിലും ഒരു കുട്ടി ഏതെങ്കിലും ഒരു പ്രൊഫഷണൽ കോളേജിലോ മറ്റ് കോളേജുകളിലോ പഠിക്കുന്നുണ്ടെങ്കിൽ അവരുടെ ഫീസും ഹോസ്റ്റൽ ഫീസും ലേബർ ആഫീസ് മുഖേന ഇഷ്യൂ ചെയ്യുന്നതിന് എല്ലാ സംവിധാനവും ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ആർക്കെങ്കിലും കിട്ടിയിട്ടില്ലായെന്നു ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കാനുള്ള സംവിധാനം ഉണ്ടാക്കാം. ഇന്ന കുട്ടി ഇന്ന സ്കൂളിൽ പഠിക്കുന്നു, എനിക്ക് ഫീസ് കൊടുക്കാനുള്ള നിവൃത്തിയില്ലായെന്ന് അവിടുത്തെ ലേബർ ആഫീസിൽ എഴുതിക്കൊടുത്താൽ അത് കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കാം.

ശ്രീ. ടി. എൻ. പ്രതാപൻ: നമ്മുടെ ഈ സഭയിൽ തോട്ടം തൊഴിലാളികളുടെ പ്രശ്നത്തെ സംബന്ധിച്ച് പറയാൻ ഏറ്റവും കൂടുതൽ ധാർമ്മികതയുള്ള ഒരാൾ ശ്രീ. കെ. രാധാകൃഷ്ണനാണെന്ന് എല്ലാപേർക്കും അറിയാം എന്നുള്ളതാണ് എന്റെ വിശ്വാസം. അദ്ദേഹം സ്കൂൾ വിദ്യാർത്ഥിയും കോളേജ് വിദ്യാർത്ഥിയുമൊക്കെ ആയിരിക്കുമ്പോൾ, ഞങ്ങളൊക്കെ അന്ന് വിദ്യാർത്ഥി പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്ന ആളുകളാണ്. സ്കൂൾ അവധി കാലത്ത് തോട്ടം തൊഴിലാളിയായി ജോലി ചെയ്ത് അതിൽനിന്ന് കിട്ടിയ വരുമാനം ഉപയോഗിച്ച് ജീവിച്ചിട്ടുള്ള പാവപ്പെട്ട ഒരു തോട്ടം തൊഴിലാളിയുടെ മകൻകൂടിയാണ്. ഇന്നും അദ്ദേഹത്തിന്റെ സഹോദരൻ തേയിലത്തോട്ടത്തിൽ തൊഴിൽ ചെയ്തുവരുന്ന ആളാണ്. സ്വന്തമായി തോട്ടത്തിൽ ജോലി ചെയ്തുകൊണ്ട് അതിൽനിന്ന് കിട്ടിയ വരുമാനം ഉപയോഗിച്ചുകൊണ്ട് സ്കൂളിലും കോളേജിലും പഠിച്ച്, സ്വന്തം അച്ഛനും അമ്മയും തോട്ടത്തിൽ ജോലി ചെയ്ത്, സ്വന്തം സഹോദരൻ ഇപ്പോഴും തോട്ടത്തിൽ ജോലി ചെയ്യുന്ന ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ മന്ത്രി ആയിരിക്കുന്ന കാലഘട്ടത്തിൽ തോട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ പ്രശ്നങ്ങളും അവരുടെ ജീവിത പ്രശ്നങ്ങളും കാണുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള എന്ത് നടപടി ഉണ്ടായിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കുറെയൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് പറയുകയുണ്ടായി. തൊഴിൽ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി എന്ന നിലയ്ക്ക് തൊഴിൽ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി ഏറ്റവും കൂടുതൽ ഉത്തരവാദിത്തം ഉള്ളത് അങ്ങേയ്ക്ക് ആണ്. ഈ തോട്ടത്തിലുള്ള പല തൊഴിലാളികൾക്കും ഗ്രാറ്റ്യുവിറ്റി കിട്ടുന്നില്ല. ഗ്രാറ്റ്യുവിറ്റി ഒരു മാസത്തിനകം കൊടുക്കണമെന്നുള്ളത് സ്റ്റാറ്റ്യൂട്ടറിയാണ്. ഗ്രാറ്റ്യുവിറ്റി കൊടുക്കാത്തതിന്റെ ഫലമായി ചുടല എന്നു പേരുള്ള ഒരു തോട്ടം തൊഴിലാളി ആത്മഹത്യ ചെയ്തു. ഇതു സംബന്ധിച്ച് പത്ര വാർത്ത വന്നിട്ടുള്ളതാണ്. ഗ്രാറ്റ്യുവിറ്റി കിട്ടാത്തതിന്റെ പേരിൽ 18-ഓളം ആത്മഹത്യ ഉണ്ടായിട്ടുണ്ട്. ഇതിൽ പട്ടിണി മരണംകൂടിയുണ്ട്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഗ്രാറ്റ്യുവിറ്റിയുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ തോട്ടം മേഖലയിൽ ആര് മരിച്ചാലും അതെല്ലാം ഈ പ്രതിസന്ധി കൊണ്ടാണെന്ന് ദയവായി അങ്ങ് സ്ഥാപിക്കരുത്. 75, 80, 90 വയസ്സുകൾക്കിടയ്ക്കുള്ള പല തോട്ടം തൊഴിലാളികളും ഈ സീസണിൽ

LIBRARY ARCHIVES Kerala Legislative Assembly

മരിച്ചിട്ടുണ്ടാകാം. അതെല്ലാം തോട്ടം മേഖലയിലെ പ്രതിസന്ധികൊണ്ടും വൈദ്യ സഹായം കിട്ടാത്തതുകൊണ്ടാണെന്നും പറയുന്നത് ശരിയല്ല. അവിടെ പ്രശ്നമില്ല, മരിച്ചിട്ടില്ല എന്നല്ല ഞാൻ പറയുന്നത്. പക്ഷേ ആ പ്രദേശത്ത് മരിച്ചവരെല്ലാം ഈ കാരണം കൊണ്ടാണെന്ന് പറയുന്നത് ശരിയല്ല. ഗ്രാറ്റ്യുവിറ്റിയുടെ പ്രശ്നമുണ്ട്. 600-ൽപ്പരം ഗ്രാറ്റ്യുവിറ്റി കേസ്സുകൾ പെൻഡിംഗിലാണ്. നമുക്ക് പ്രോസിക്യൂഷൻ കേസ് എടുക്കാം. പക്ഷേ ചെയ്ത ജോലിക്ക് ആഴ്ചയോടാഴ്ച കൊടുക്കേണ്ട കൂലിതന്നെ കൊടുക്കാൻ കഴിയുന്നില്ല. തോട്ടങ്ങൾ ഉപേക്ഷിച്ച് പോയവർ ഒരു മാസത്തിനകം ഗ്രാറ്റ്യുവിറ്റി കൊടുത്തിട്ടില്ല. പ്രധാനപ്പെട്ട എട്ട് എസ്റ്റേറ്റുകളുള്ള ആർ.ബി.ടി. എന്ന കമ്പനിയുടെ തോട്ടം കഴിഞ്ഞ നാലു വർഷമായി പ്രവർത്തിക്കുന്നില്ല. അവിടെ നാലു വർഷമായി ഗ്രാറ്റ്യുവിറ്റി കൊടുത്തിട്ടില്ല. അതിന്റെ പേരിൽ പ്രോസിക്യൂഷൻ നടപടികൾക്ക് പോകുന്നുണ്ട്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> ഗ്രാറ്റ്യുവിറ്റി കിട്ടാത്തതിന്റെ പേരിൽ ധാരാളം പ്രശ്നങ്ങളുണ്ട്. അത് തോട്ടം തൊഴിലാളികളെ ദുരിതത്തിൽ ആക്കിയിട്ടുണ്ട്. ബഹുമാന്യനായ പ്രതാപൻ പറഞ്ഞ കാര്യത്തോട് നന്ദി പറയുകയാണ്. ഞാൻ മന്ത്രി ആയിരുന്നപ്പോൾ പാവപ്പെട്ട ആളുകൾക്കുവേണ്ടി എന്താണ് ചെയ്തതെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. ഇക്കാര്യം ബഹുമാന്യനായ എ. കെ. മണിക്ക് അറിയാം. തോട്ടം മേഖലയിൽ പാവപ്പെട്ട തമിഴ് കുട്ടികൾ ധാരാളമുണ്ട്. അവർക്ക് പഠിക്കാൻ യാതൊരു സൗകര്യവുമില്ല. അതുകൊണ്ടാണ് തമിഴ് മോഡൽ റസിഡൻഷ്യൽ സ്കൂൾ പീരുമേട്ടിൽ ആരംഭിച്ചത്. അവിടെയുള്ള 85 ശതമാനത്തോളം വരുന്ന കുട്ടികൾ പാവപ്പെട്ട എസ്.സി./ എസ്.ടി. വിഭാഗത്തിൽ പെട്ടവരാണ്. അവർക്ക് സ്റ്റൈപെൻഡ്, ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി, യൂണിഫോം അലവൻസ്, മെസ് ഫീസ് തുടങ്ങി എല്ലാം വർദ്ധിപ്പിച്ചു. എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുവെന്ന് പറയുന്നില്ല. കഴിയാവുന്ന രീതിയിൽ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. അന്ന് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി കാര്യങ്ങൾ പാവപ്പെട്ട ആളുകൾക്കുവേണ്ടി ചെയ്തിട്ടുണ്ട്. തോട്ടം മേഖലയിൽ മൂന്നു ലക്ഷത്തിൽപരം വരുന്ന പാവപ്പെട്ട ആളുകൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ബഹുമാന്യനായ ഇ. എം. അഗസ്തി ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. ഇ. എം. അഗസ്തി:</u> ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ ചോദിച്ചത് അങ്ങേയ്ക്കുവേണ്ടിയാണ്. അങ്ങ് ചെയ്ത കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ചോദിച്ചത്. അതുകൊണ്ട് അദ്ദേഹത്തോട് കുറേക്കൂടി സൗമ്യമായി പെരുമാറണമെന്നാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീ. പി. ടി. തോമസ്:</u> അങ്ങ് സംസാരിക്കുമ്പോൾ സി.പി.ഐ.യുടെ പാർലമെന്ററി പാർട്ടി നേതാവ് ശ്രീ. കെ. പി. രാജേന്ദ്രൻ നാലു പ്രാവശ്യം ഇടപെട്ടുകൊണ്ട് സംസാരിച്ചു. അദ്ദേഹത്തിന്റെ പാർട്ടിയുടെ നേതാവ് ശ്രീ. ചതുരാനൻമിശ്ര കേന്ദ്ര കൃഷി വകുപ്പ് മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ആയിരിക്കുമ്പോഴാണ് ശ്രീലങ്കയുമായിട്ട് കരാർ ഉണ്ടാക്കിയത്. അത് ലോകമുള്ള കാലത്തോളം പറയേണ്ടതാണ്. യഥാർത്ഥത്തിൽ ശ്രീലങ്കയുമായിട്ടുള്ള കരാറാണ് വേളാങ്കണ്ണിയുടെ മരണമുൾപ്പെടെയുള്ള എല്ലാ ദുരന്തങ്ങൾക്കും കാരണം. എന്നിട്ടും ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ബഹുമാനപ്പെട്ട രാജേന്ദ്രൻ മുന്നോട്ടു പോകുന്നത് ശരിയാണോ?

ശ്രീ. കെ. രാധാകൃഷ്ണൻ: ബഹു. പി. ടി. തോമസിനോട് എനിക്ക് പറയാനുള്ളത് സിംഹത്തിന്റെ വായിൽകൊണ്ട് കൈ വച്ചിട്ട് ഒരു പരിക്കുമില്ലാതെ വരണമെന്നു പറഞ്ഞാൽ നടക്കുമോ; ഇതാണ് സംഭവിച്ചത്. നമ്മൾ കൊണ്ടുപോയി കൈവച്ചത് സിംഹത്തിന്റെ വായിലാണ്. എന്നിട്ട് കൈക്ക് പരിക്കു പറ്റാതെ തിരിച്ചുവരണമെന്നു പറഞ്ഞാൽ നടക്കുകയില്ല. അതാണ് കരാറിൽ ഒപ്പിട്ടതുകൊണ്ടുള്ള പ്രശ്നം.

ശ്രീ. പി. ജയരാജൻ: നമ്മുടെ തേയില തോട്ടങ്ങളിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധിക്കുള്ള തുടക്കം, നമ്മുടെ കാർഷിക വ്യാവസായിക മേഖലയിലെ പ്രതിസന്ധിക്കുള്ള തുടക്കം ആഗോളവത്കരണമാണ്. ആഗോളവത്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ ഉദാരവത്ക്കരണ നയം രാജ്യത്ത് ആരംഭിച്ചത് 16 ഭാഷയിൽ മൗനിയായിട്ട് ഭരിച്ചിട്ടുള്ള ശ്രീ. പി. വി. നരസിംഹറാവുവിന്റെ ഭരണ കാലത്താണെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: അത് എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് പാവപ്പെട്ട തോട്ടം തൊഴിലാളികളുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കും എന്നുള്ള ലക്ഷ്യം വച്ചുകൊണ്ടാണ് ബഹുമാന്യനായ ഇ. എം. അഗസ്തി ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ഈ പ്രമേയത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നതോടൊപ്പം ഈ പ്രമേയം പാസ്സാക്കി വിട്ടതുകൊണ്ട് കാര്യമുണ്ടെന്ന് തോന്നുന്നില്ല. കേന്ദ്ര ഗവൺമെന്റിൽ വലിയ സമ്മർദ്ദം ചെലുത്താൻ വേണ്ടി സന്നദ്ധമായി മുന്നോട്ടു വരണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്മുടെ മുഖ്യമന്ത്രിക്കിപ്പോൾ കേന്ദ്ര ഗവൺമെന്റിൽ വലിയ സ്വാധീനമാണ്. പ്രവീൺ ഭായി കൂട്ടുകാരനായിട്ട് അനുജൻ ഭായിയായിട്ട് മാറിയ സാഹചര്യത്തിൽ വേഗം കിട്ടും. പോയാൽ മതി.

ശ്രീ. കെ. രാധാകൃഷ്ണൻ: ഇപ്പോഴത്തെ അനുകൂലമായ സാഹചര്യംകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ തോട്ടം മേഖലയിലെ തൊഴിലാളികളും ആ രംഗത്ത് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുമായിട്ടുള്ള ആളുകൾക്ക് സഹായകരമായിട്ടുള്ള നിലപാട് സ്വീകരിക്കണമെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ബഹുമാന്യനായ ശ്രീ. ഇ. എം. അഗസ്തി കൊണ്ടുവന്ന ഈ പ്രമേയത്തിന്റെ ഉദ്ദേശം പൂർണ്ണമായും സഫലമാക്കാൻ അപ്പുറത്തും ഇപ്പുറത്തുമുള്ള അംഗങ്ങളുടെ ചർച്ച പ്രയോജനപ്പെടുമെന്നുള്ളതാണ് എന്റെ അഭിപ്രായം. കേന്ദ്ര ഗവൺമെന്റിന്റെ കയറ്റിറക്കുമതി നയം മൂലം പ്രതിസന്ധിയിലായിരിക്കുന്ന തേയില വ്യവസായത്തെ സംരക്ഷിക്കാനും തോട്ടങ്ങൾ അടച്ചിട്ടിരിക്കുന്നതുമൂലം ദുരിതത്തിലായിരിക്കുന്ന തൊഴിലാളി കുടുംബങ്ങൾക്ക് അടിയന്തിര സഹായം ലഭ്യമാക്കാനും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന ഈ പ്രമേയത്തിന്റെ ചർച്ചയിൽ ഈ പ്രശ്നത്തിന്റെ പൂർണ്ണമായ ഗൗരവം ഇവിടെ മെമ്പർമാർക്ക് അനാവരണം ചെയ്യാൻ സാധിച്ചു. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ.കോടിയേരി ബാലകൃഷ്ണൻ എല്ലാത്തിലും രാഷ്ട്രീയം കാണുന്ന ആളാണ്. നമ്മുടെ സംസ്ഥാനം കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതിന് അദ്ദേഹം പറഞ്ഞത് പ്രവീൺ ഭായിയുടെ അനിയൻ ഭായി സമ്മർദ്ദം ചെലുത്തിയാലേ ഇപ്പോൾ പ്രയോജനം കിട്ടൂ എന്നാണ്. അതല്ല. കേന്ദ്ര ഗവൺമെന്റിനോട് ഏറ്റുമുട്ടുന്ന ഒരു സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. നായനാർ സർക്കാരും അത്രയുമുള്ളൂ, അതിനോട് സമാനമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റിനെതിരായി ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ നേതാവ് നായനാർ ഈ സഭാ വേദിയിലിരുന്നുകൊണ്ട് പറഞ്ഞത് റിക്കോർഡിലുണ്ട്. അതെല്ലാം നോക്കാം. പക്ഷേ ബി.ജെ.പി. എന്നു വിചാരിച്ച് ബി.ജെ.പി.യുടെ രാഷ്ട്രീയ നയത്തോടോ തൊഗാഡിയയുടെ ജല്പനങ്ങളോടോ ഒന്നും അനുകൂലമായ മനോഭാവമല്ല ഈ ഗവൺമെന്റിനുള്ളത്. നിങ്ങളുടെ രാഷ്ട്രീയ പ്രചരണമാണ്. യഥാർത്ഥത്തിൽ തേയില തോട്ടങ്ങൾ പ്രതിസന്ധിയിലായതിനെ സംബന്ധിച്ച് രാഷ്ട്രീയമായി നമുക്ക് വിലയിരുത്താം. അതിന്റെ അതിപ്രധാനമായ കാരണം ശ്രീ. ഇ. എം. അഗസ്തി ഇവിടെ ചൂണ്ടിക്കാണിച്ചു. സോവിയറ്റ് റഷ്യയുടെ തകർച്ചയിൽ നിങ്ങൾക്ക് വലിയ സന്തോഷം ഉണ്ടോയെന്ന് എനിക്ക് അറിയില്ല. ഞങ്ങൾക്ക് വലിയ ദു:ഖമാണ്. സോവിയറ്റ് റഷ്യയുടെ തകർച്ചയിൽ ദു:ഖിക്കുന്നവരാണ് നമ്മളെല്ലാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സോവിയറ്റ് യൂണിയൻ തകർന്നപ്പോൾ യൂത്ത് കോൺഗ്രസ്സുകാർ തിരുവനന്തപുരത്ത് ജാഥ നടത്തിയില്ലേ?

ശ്രീ. എം. എം. ഹസ്സൻ: യൂത്ത് കോൺഗ്രസ്സുകാർ ജാഥയൊന്നും നടത്തിയില്ല. ഞങ്ങൾ സോവിയറ്റ് യൂണിയന്റെ തകർച്ചയിൽ വേദനയുള്ളവരാണ്. സോവിയറ്റ് റഷ്യ തകർന്നപ്പോൾ പിന്നെ ആകെ ആശ്വാസം ഉണ്ടായിരുന്നത് ഇറാഖിൽ തേയില കയറ്റുമതി ചെയ്യാമെന്നായിരുന്നു. ഇറാഖിനെ അമേരിക്ക ആക്രമിക്കുന്നതും സോവിയറ്റ് റഷ്യയുടെ സാന്നിദ്ധ്യമില്ലായ്മയും ഒരു കാരണമാണ്. തോട്ടം തൊഴിലാളികൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങളിൽ ഒരു പ്രധാനപ്പെട്ട കാരണം സോവിയറ്റ് മാർക്കറ്റ് തകർന്നതാണ്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വിശദാംശങ്ങൾ ശ്രീ. ഇ. എം. അഗസ്തിയുടെ പ്രസംഗത്തിൽ സൂചിപ്പിച്ചു. ഇക്കാര്യത്തിൽ ഇടുക്കി ജില്ലയിലുള്ള പ്രമേയാവതാരകനായ ശ്രീ. ഇ. എം. അഗസ്തിയും ശ്രീ. എ. കെ. മണിയും നിരന്തരമായി ഈ ഗവൺമെന്റിൽ ചെലുത്തിയിട്ടുള്ള സ്വാധീനത്തിന്റെയും സമ്മർദ്ദത്തിന്റെയും ഫലമായിട്ടാണ് നമ്മുടെ ലേബർ മിനിസ്റ്ററുടെ നേതൃത്വത്തിൽ മറ്റ് വിവിധ വകുപ്പുകളെ ക്രോഡീകരിച്ചുകൊണ്ട് ആത്മാർത്ഥമായ ശ്രമം നടത്തിയിട്ടുള്ളത്. ശ്രീ. ബിനോയ് വിശ്വം എന്ത് പറഞ്ഞാലും ടി. കെ. ദിവാകരന്റെ മകൻ തന്നെയാണ് ബാബു ദിവാകരൻ എന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ലല്ലോ. അതിൽ ഒരു സംശയവുമില്ലെങ്കിൽ പാവപ്പെട്ട ഒരു തൊഴിലാളി കുടുംബത്തിൽ ജനിച്ച ടി. കെ. ദിവാകരന്റെ രക്തം ബാബു ദിവാകരന്റെ സിരകളിലൂടെ ഓടുന്നിടത്തോളംകാലം തൊഴിലാളികളുടെ തൊഴിലിന് എതിരായി ഒരു നിലപാട് അദ്ദേഹം സ്വീകരിക്കുകയില്ല എന്ന് എനിക്ക് ഉറപ്പുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: അക്കാര്യത്തിൽ ശ്രീ. ബിനോയ് വിശ്വം സംശയം പ്രകടിപ്പിച്ചിട്ടില്ല. പൂർണ്ണമായും ഉറപ്പുതന്നെയാണ്. വിഷയം തൊഴിൽ വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് ശ്രീ. ബാബു ദിവാകരൻ കഴിഞ്ഞ രണ്ടു വർഷം ആ വകുപ്പിൽ ചെയ്ത കാര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. ആ നടപടികളുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ അദ്ദേഹത്തിന്റെ പിതാവ് ഈ ഗവൺമെന്റിൽ ഉണ്ടായിരുന്ന സന്ദർഭത്തിൽ തൊഴിലാളികളെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും നിയമനിർമ്മാണമുൾപ്പെടെ മറ്റ് നടപടികൾ എടുത്തതുമായി ബന്ധപ്പെടുത്തുമ്പോൾ, ശ്രീ. ബാബു ദിവാകരൻ വകുപ്പിന്റെ പേരെന്നെ മാറ്റണമെന്ന് ഇവിടെ പറഞ്ഞു.

ശ്രീ. എം. എം. ഹസ്സൻ: തോട്ടം തൊഴിലാളികളെ സംബന്ധിച്ച് ഒരു പ്രതിസന്ധി ഉണ്ടായപ്പോൾ സ്വന്തം പിതാവിന്റെ കാൽപ്പാടുകൾ പിന്തുടർന്നുകൊണ്ട് അതേ വികാരത്തോടെ അതേ മനോഭാവത്തോടെ തൊഴിലാളികളെ സഹായിക്കാനുള്ള നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. മുതലാളിമാരെ സഹായിക്കാനുള്ള നിലപാടല്ല സ്വീകരിച്ചത്. ഞാൻ ആദ്യം സൂചിപ്പിച്ചത്, ഒരുപാട് അച്ഛൻമാരുടെ ഒരുപാട് മക്കൾ രാഷ്ട്രീയത്തിലുണ്ട്. ചിലരെയൊക്കെ കാണുമ്പോൾ സംശയം തോന്നാറുണ്ട്. അതുകൊണ്ടാണ് ഇത് സംശയമില്ലെന്ന് പറഞ്ഞത്.

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: കെ. പി. സി. സി. പ്രസിഡന്റിനെ ഉദ്ദേശിച്ചാണോ അങ്ങ് പറഞ്ഞത്?

ശ്രീ. എം. എം. ഹസ്സൻ: അങ്ങയുടെ ഇടതുവശത്ത് ഇരിക്കുന്ന ശ്രീ. കെ. പി. രാജേന്ദ്രനെ ഉദ്ദേശിച്ചല്ല ഞാൻ പറഞ്ഞത്. അത് ഉദ്ദേശിച്ചിട്ടേയില്ല. ഉറപ്പാണ്. എനിക്ക് വളരെ ബഹുമാനമുള്ള ആളാണ് ശ്രീ. കെ. പി. പ്രഭാകരൻ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: ശ്രീ. ബാബു ദിവാകരന്റെ കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. പക്ഷേ അങ്ങേയ്ക്ക് തൊഴിൽ വകുപ്പുമന്ത്രിയുടെ പ്രാഗത്ഭ്യത്തിൽ സംശയം ഉള്ളതുകൊണ്ടല്ലേ തോട്ടം മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് മന:പാഠം പോലെ മറുപടി പറയുമ്പോൾ അദ്ദേഹത്തിന്റെ കാര്യത്തിൽ ഇടപെട്ട് അങ്ങ് മറുപടി പറയാനിടയായത്?

ശ്രീ. എം. എം. ഹസ്സൻ: പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിന്റെ ദിവസം പാർലമെന്ററി കാര്യമന്ത്രിയാണ് മറുപടി പറയേണ്ടത്. അങ്ങ് ഉന്നയിച്ച കാര്യമാണ്. അദ്ദേഹത്തിന് എപ്പോൾ വേണമെങ്കിലും ഇടപെടാം. ഞാൻതന്നെ മറുപടി പറയണമെന്ന് നിർബന്ധമില്ല. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുണ്ടായത്. നിങ്ങളുടെ ചോദ്യങ്ങൾക്ക് അദ്ദേഹത്തിന്റെ മറുപടിയിലൂടെ കേരളാ ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്നുള്ളതിനെ സംബന്ധിച്ച് ഏകദേശരൂപം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് കിട്ടിക്കഴിഞ്ഞു.

ശ്രീ. തമ്പാനൂർ രവി: അങ്ങ് ഇവിടെ പറഞ്ഞ കൂട്ടത്തിൽ പ്രഗത്ഭരായ പല രാഷ്ട്രീയ നേതാക്കളുടേയും മക്കൾ ഇന്ന് കേരള രാഷ്ട്രീയത്തിൽ ഉണ്ടെന്ന് പറയുകയുണ്ടായി. അവർ നല്ല രീതിയിൽ പ്രവർത്തിക്കുന്നുമുണ്ട്. അങ്ങയുടെ കുടുംബത്തിൽനിന്ന് രാഷ്ട്രീയത്തിൽ വരാൻ ആരുമില്ലാത്ത സാഹചര്യത്തിലാണോ അതിനെക്കുറിച്ച് തെറ്റായ സമീപനം സ്വീകരിച്ചത്?

ശ്രീ. എം. എം. ഹസ്സൻ: എന്നെ സംബന്ധിച്ച് അത്തരം ഒരു പ്രശ്നം ഉദിക്കുന്നില്ല. എനിക്ക് ആകെയുള്ളത് ഒരു മകളാണ്. അത് കല്ല്യാണം കഴിഞ്ഞുപോയി. അത് രാഷ്ട്രീയത്തിൽ വരാൻ സാദ്ധ്യതയില്ല. പ്രവാസിയാണ്.

ശ്രീ. എം. വി. ജയരാജൻ: ഇപ്പോഴത്തെ കെ. പി. സി. സി. പ്രസിഡന്റ് ഒരു പ്രവാസി ആയിരുന്നു എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം. എം. ഹസ്സൻ: അതിൽ തർക്കമില്ല. പ്രവാസി ആയിരുന്നു എന്നുള്ള കാര്യം അദ്ദേഹം സമ്മതിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോടാണ് ഈ പ്രമേയത്തിൽ ആവശ്യപ്പെടുന്നത്. നമ്മൾ ഈ രണ്ടു കൊല്ലംകൊണ്ട് ഒരുപാട് പ്രമേയങ്ങൾ പാസ്സാക്കി കേന്ദ്രത്തിൽ അയച്ചിട്ടുണ്ട്. രണ്ടു കൊല്ലത്തിനിടയിൽ കേന്ദ്രവുമായി നല്ല സമീപനം ഉണ്ടായി. ഇവിടുന്ന് അയച്ച ഏതെങ്കിലും ഒരു പ്രമേയത്തിന് അനുകൂലമായി കേന്ദ്ര ഗവൺമെന്റ് നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: കേന്ദ്ര ഗവൺമെന്റ് നമ്മുടെ ആവശ്യങ്ങളിൽ ചിലത് അംഗീകരിച്ചിട്ടുണ്ട്. ചിലത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): തേയിലയുടെ കാര്യത്തിൽ നമ്മൾ മന്ത്രിമാരുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയേയും ഉപ പ്രധാനമന്ത്രിയേയും കണ്ടതിന്റെ ഫലമായി, നമ്മൾ അന്ന് ഉന്നയിച്ച കാര്യങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. ഫർഗൂസൺ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടു. ലേലത്തെ സംബന്ധിച്ച് നടപടി എടുത്തു. അതുപോലെ വിലത്തകർച്ച ഉണ്ടാകുമ്പോൾ അതിന് താങ്ങുവില സംബന്ധിച്ച് അനുയോജ്യമായ നടപടി എടുത്തു. പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിന് കേന്ദ്രം രൂപം കൊടുത്തു. കേന്ദ്രത്തിൽ പോയി ബന്ധപ്പെട്ട മന്ത്രിമാരുമായി സംസാരിച്ചതിന്റെ ഫലമായിട്ടാണ് നടപടി സ്വീകരിച്ചത്. അതുപോലെ ടീ ബോർഡ് കൂടുതൽ ആക്ടീവായിട്ട് വന്നിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് ആണെങ്കിലും മറ്റ് നിലയിലാണെങ്കിലും ഇത് ഏറ്റെടുക്കണമെന്നുണ്ടെങ്കിൽ കേന്ദ്ര ഗവൺമെന്റിനു മാത്രമേ നടപടി എടുക്കാവൂ. വളരെ കാലങ്ങൾക്കുശേഷം ടീ ബോർഡ് കേരളത്തിന്റെ താല്പര്യത്തോട് വളരെ അനുകൂലമായ നിലപാടല്ല ഇപ്പോൾ സ്വീകരിച്ചത്. ഇപ്പോൾ അടുത്ത കാലത്തായി കുറെകൂടെ അനുകൂലമായ നിലപാട് സ്വീകരിച്ചുവരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. ഇതൊക്കെ കേന്ദ്രത്തിൽ നമ്മൾ ചെലുത്തിയ സമ്മർദ്ദത്തിന്റെ ഫലമായിട്ട് ഉണ്ടായിട്ടുള്ള നടപടികളാണ്.

ശ്രീ. എം. എം. ഹസ്സൻ: തേയില വ്യവസായം കടുത്ത പ്രതിസന്ധിയിലാകുന്നതുമൂലം നിരവധി തോട്ടങ്ങൾ ഇപ്പോൾ അടച്ചു പൂട്ടിയിട്ടുണ്ട്. സാർക്ക് രാജ്യങ്ങളിൽനിന്ന് തേയില ഇൻഡ്യയിലേയ്ക്ക് നിർബാധം ഇറക്കുമതി ചെയ്യാനുണ്ടായ സാഹചര്യമാണ് കേരളത്തിലെ തേയില വ്യവസായത്തിന് പ്രധാനമായി പ്രതിസന്ധിയിലാക്കിയത്. വിദേശത്തുനിന്നുള്ള തേയിലയുടെ വരവ് ഇവിടുത്തെ തേയിലയുടെ വിലയിടിവിന് കാരണമായി തീർന്നിട്ടുണ്ട്. സംസ്ഥാനത്തെ തേയില തോട്ടങ്ങളിലെ വർദ്ധിച്ച ഉല്പാദന ചെലവും ഈ വ്യവസായത്തിന്റെ തകർച്ചയ്ക്ക് ഒരു പ്രധാന കാരണമാണ്. കേരളത്തിലെ തേയില തോട്ടങ്ങളുടെ നിലവിലുള്ള പ്രതിസന്ധിയുടെ രൂക്ഷത കണക്കിലെടുത്തുകൊണ്ട് സംസ്ഥാന സർക്കാർ അടിയന്തിര പ്രാധാന്യത്തോടെ പല നടപടികളും ഇതിനോടകം കൈക്കൊണ്ടുകഴിഞ്ഞു. 21-2-2002-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിൽ, ധനകാര്യം, വ്യവസായം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിലെ മന്ത്രിമാരും തോട്ടം ഉടമകളും തൊഴിലാളി പ്രതിനിധികളും കോഫി, ടീ ബോർഡ് പ്രതിനിധികളും ധനകാര്യ ഏജൻസിയുടെ പ്രതിനിധികളും ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാർ പങ്കെടുത്തുകൊണ്ട് ഒരു യോഗം ചേരുകയുണ്ടായി. ഈ യോഗത്തിന്റെ തീരുമാന പ്രകാരം താഴെപ്പറയുന്ന നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഒന്ന്, തിരുവനന്തപുരം, കൊല്ലം, ഇടുക്കി. വയനാട്, പാലക്കാട് ജില്ലകളിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഫണ്ട് ലഭ്യമാക്കി സൗജന്യ റേഷൻ നൽകിവരികയാണ്. രണ്ടാമത്തേത്, ഫുഡ് ഫോർ വർക്ക് പദ്ധതിയിൽപ്പെടുത്തി അവശത അനുഭവിക്കുന്ന തോട്ടം തൊഴിലാളികൾക്ക് അരി വിതരണം തുടർന്നുവരുന്നുണ്ട്. മൂന്നാമത്തേത്, പ്രവർത്തനരഹിതമായി കിടക്കുന്ന തോട്ടം ആശുപത്രികളിൽ മരുന്നും ചികിൽസാസൗകര്യവും എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 150-ലധികം മെഡിക്കൽ ക്യാമ്പുകൾ ഇതിനകം നടത്തിക്കഴിഞ്ഞു, ഇത് തുടർന്നുവരികയാണ്. ഇടുക്കിയിൽ മൊബൈൽ സ്പെഷ്യാലിറ്റി വാൻ മെഡിക്കൽ ക്യാമ്പിന് ഏർപ്പാടാക്കിയിട്ടുണ്ട്. ലയങ്ങളിൽ കുടിവെള്ളം, വൈദ്യുതി ഇവ എത്തിക്കുവാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് ഹൈസ്കൂൾ ഗ്രാന്റ്, ഹയർ എഡ്യൂക്കേഷൻ ഗ്രാന്റ്, യൂണിഫോം, ഹോസ്റ്റൽ ഫീസ് എന്നീ ഇനങ്ങളിൽ 3,16,210 രൂപ കേരളാ ലേബർ വെൽഫെയർ ഫണ്ട് ബോർഡ് മുഖേന വിതരണം ചെയ്തുകഴിഞ്ഞു. കൂടാതെ തൊഴിലാളികൾക്ക് മെഡിക്കൽ ആനുകൂല്യമായി 5,75,090 രൂപയും പ്രസ്തുത ബോർഡ് വഴി വിതരണം ചെയ്തുവരുന്നുണ്ട്. ഇതിനുപുറമെ കേരളത്തിലെ തേയിലത്തോട്ടങ്ങളുടെ ഗുരുതരമായ പ്രതിസന്ധി കേന്ദ്രഗവൺമെന്റിന്റെ സത്വരശ്രദ്ധയിൽ കൊണ്ടുവരാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി എന്നിവർ അടങ്ങിയ ഒരു പ്രതിനിധി സംഘം, ഇവിടെ ലേബർ മിനിസ്റ്റർ വിശദീകരിച്ചു പ്രധാനമന്ത്രി, ഉപ പ്രധാനമന്ത്രി, മറ്റു കേന്ദ്രമന്ത്രിമാർ ഇവരെ സന്ദർശിച്ച് ചർച്ച നടത്തുകയും വിവിധ ആവശ്യങ്ങൾ അടങ്ങുന്ന നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എ. കെ. മണി: കുട്ടികൾക്ക് ഉച്ചക്കഞ്ഞി കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: ബഹുമാനപ്പെട്ട മണി ചൂണ്ടിക്കാണിച്ചത് ശരിയാണ്, ഉച്ചഭക്ഷണം കൊടുക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. രണ്ടാമത്തത് തേയിലയുടെ ലേലത്തിലെ അപാകത, അതാണ് പ്രധാന കാരണം. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണനും, ശ്രീ. കെ. പി. രാജേന്ദ്രനുമൊക്കെ ചൂണ്ടിക്കാണിച്ചു, തേയിലയ്ക്ക് വില 40 രൂപ, പുറത്ത് വിൽക്കുന്നത് 120 രൂപ. എം. എൽ. എ. ഹോസ്റ്റലിൽവരെ ചായയ്ക്കാണെങ്കിൽ വില ഒട്ടും കുറയുന്നില്ല. ചായകുടിക്കുന്ന സ്വഭാവത്തിന് ഇപ്പോഴും മാറ്റമില്ല. ശ്രീ. ടി. എൻ. പ്രതാപനെപ്പോലുള്ള ആളുകൾ ചായ കുടിക്കാത്തത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല, വല്ല കോളയോ പെപ്സിയോ കുടിക്കുന്നതുകൊണ്ടാണോ എന്ന് എനിക്കറിയില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: ഞാൻ ചായയും കുടിക്കില്ല, കാപ്പിയും കുടിക്കില്ല, കോളയും കുടിക്കില്ല, സോഡയും കുടിക്കില്ല. ഒരു തരത്തിലും ഉള്ള സിന്തറ്റിക്കായ ഒന്നും ഇന്നുവരെ കഴിച്ചിട്ടില്ല, കഴിക്കുകയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: അപ്പോൾ അദ്ദേഹം ഒരു പാനീയവും കഴിക്കുന്ന ആളല്ല എന്നുള്ളത് സഭയ്ക്ക് ബോദ്ധ്യപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ: അങ്ങയുടെ ഗവൺമെന്റ് പുതിയ വിദേശ മദ്യഷോപ്പുകൾ അനുവദിച്ചപ്പോൾ നാട്ടിക നിയോജകമണ്ഡലത്തിൽ ഓരോ കവലയിലും പുതിയ വിദേശ മദ്യഷാപ്പുകൾ അനുവദിച്ചിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം. എം. ഹസ്സൻ: വ്യാജമദ്യം കുടിച്ച് ആളുകളുടെ കുടൽ തകരരുത് എന്നുള്ള സദുദ്ദേശം അവിടത്തെ ജനപ്രതിനിധികൾക്കുള്ളതുകൊണ്ടാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: നാട്ടിക നിയോജകമണ്ഡലത്തിൽ പുതിയ ബിവറേജ് ഷാപ്പുകൾ അനുവദിച്ചതിൽ ഞാൻ തത്വത്തിൽ എതിരാണ്, ഞാൻ ഘട്ടം ഘട്ടമായി കേരളത്തിൽ മദ്യനിരോധനം കൊണ്ടുവരണമെന്ന ഐക്യജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ ഉറച്ചുനിൽക്കുന്ന ഒരു പൊതുപ്രവർത്തകനാണ്. ഞാൻ ആ പ്രകടന പത്രിക ഉപയോഗിച്ചിട്ടാണ് ഇലക്ഷനിൽ മൽസരിച്ചതും, ജയിച്ചതും. അതുകൊണ്ട് ബിവറേജ് മദ്യഷാപ്പുകൾ ഉൾപ്പെടെ കേരളത്തിൽ ഒരു പുതിയ മദ്യഷാപ്പും അനുവദിക്കാൻ പാടില്ല എന്നാണ് എന്റെ ഉറച്ച നയം. എനിക്ക് ഒരു സംശയം ഞാൻ ഒരു മദ്യവിരുദ്ധ പ്രവർത്തകനും, മദ്യനിരോധന പ്രവർത്തകനുമൊക്കെ ആയതുകൊണ്ട് ബഹുമാന്യനായ കെ. പി. രാജേന്ദ്രൻ പറഞ്ഞതുപോലെ അതിനെതിരായ എന്തെങ്കിലും പാര ഇതിനുള്ളിൽ ഉണ്ടോ എന്നുകൂടി സംശയിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കോളയെ കോൺഗ്രസ്സുകാർ മദ്യമായിട്ട് കരുതുന്നില്ല എന്നുള്ള കാര്യം ബഹുമാനപ്പെട്ട ഹസ്സനറിയാമോ?

ശ്രീ. എം. എം. ഹസ്സൻ: അത് എനിക്കറിയില്ല, കാരണം മദ്യമായിട്ടാണ് ഞാൻ കണക്കാക്കുന്നത്. ബഹുമാനപ്പെട്ട പ്രതാപൻ പറഞ്ഞത് ശരിയാണ്, അദ്ദേഹത്തെ പാരവയ്ക്കാൻ ഇനി ആരെങ്കിലും അവിടെ ശ്രമിക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: എന്റെ നിയോജകമണ്ഡലത്തിൽ ഒരുപാട് വ്യാജമദ്യം ഒഴുകുന്നുണ്ട്, അപ്പോൾ ശ്രീ. പ്രതാപന് ഇത് വേണ്ടെന്നുണ്ടെങ്കിൽ ഒരു രണ്ടു മൂന്നെണ്ണം പത്തനാപുരത്തേയ്ക്ക് മാറ്റിക്കൊടുത്താൽ വ്യാജമദ്യം കുടിച്ച് ആളുകൾ മരിക്കാതിരിക്കുമായിരുന്നു.

ശ്രീ. എം. എം. ഹസ്സൻ: അത് നമുക്ക് എക്സൈസ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: ശ്രീ. പ്രതാപൻ മാനിഫെസ്റ്റോയിൽ പറയുന്ന കാര്യത്തിൽ ഉറച്ചുനിൽക്കുന്ന ആളാണ്. ഇപ്പോൾ മാനിഫെസ്റ്റോ യു. ഡി. എഫ്. പുറത്തെടുക്കുന്നില്ല, അത് ഭേദഗതിചെയ്ത് ചൗധരി കമ്മിറ്റിയെപ്പോലുള്ള പ്രൊഫഷണലുകളെ ആരെയെങ്കിലും നിയോഗിച്ച് പുതിയൊരു മാനിഫെസ്റ്റോയുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: ഞാനാണ് ആ മാനിഫെസ്റ്റോ കമ്മിറ്റിയുടെ കൺവീനർ. അതുകൊണ്ട് മാനിഫെസ്റ്റോയിൽ ഒരു മാറ്റവുമില്ല. ആ കമ്മിറ്റിയിൽ ശ്രീ. ബാബു ദിവാകരൻ ഒക്കെയുള്ളതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: മാനിഫെസ്റ്റോ അങ്ങയുടെ നേതൃത്വത്തിലാണ് എഴുതിയത് എന്നുള്ളത് ഇപ്പോൾ ഞങ്ങൾ അറിയുകയാണ്. ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ മാനിഫെസ്റ്റോ സംബന്ധിച്ച് ഒരു ചോദ്യം ശ്രീ. ബിനോയ് വിശ്വം ഇവിടെ ഉന്നയിച്ചപ്പോൾ ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞു ആ മാനിഫെസ്റ്റോയൊന്നുമില്ല. അത് ഒരു ഭംഗിക്ക് ഒരലങ്കാരത്തിന് തയ്യാറാക്കിയതാണെന്ന് ഈ സഭയിൽ പറഞ്ഞത് അങ്ങ് ശ്രദ്ധിച്ചില്ലേ?

ശ്രീ. എം. എം. ഹസ്സൻ: അങ്ങനെയൊന്നും പറഞ്ഞില്ല, മാനിഫെസ്റ്റോയെ കുറിച്ച് ഈ സഭയിൽ വേറെ ഒരഭിപ്രായം ശ്രീ. നായനാർ പറഞ്ഞിട്ടുണ്ട്, അതങ്ങനെ കിടക്കും, ഇതിങ്ങനെ നടക്കും. ഇതുപറഞ്ഞത് നായനാരാണ്, ഞങ്ങളല്ല പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇപ്പോഴാണ് മനസ്സിലായത്, ഈ മാനിഫെസ്റ്റോ ശ്രീ. ഹസ്സൻ തയ്യാറാക്കിയതാണെന്ന് പറഞ്ഞതോടുകൂടി അതിന്റെ ഗതി മനസ്സിലായി, ഹസ്സന്റെ പ്രസംഗം പോലെതന്നെ ആ മാനിഫെസ്റ്റോ.

ശ്രീ. എം. എം. ഹസ്സൻ: ഏതായാലും ഇടതുമുന്നണിയുടെ മാനിഫെസ്റ്റോയുടെ ഗതിയെക്കാൾ നല്ല ഗതിതന്നെയാണ് ഇതിന്. തർക്കമൊന്നും വേണ്ട. ഞങ്ങളുടെ മാനിഫെസ്റ്റോയ്ക്ക് ഒരു മേൻമയുണ്ടെന്നുള്ളതിന് തെളിവാണല്ലോ 100 സീറ്റ് കിട്ടിയത്, ആദ്യമായിട്ട് മാനിഫെസ്റ്റോയുണ്ടാക്കുമ്പോൾ ഞാൻ കൺവീനർ ആയതുകൊണ്ടാണ് ഇത്രയും സീറ്റ് കിട്ടിയത്, ഒരിക്കലും കിട്ടിയിട്ടില്ല.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: ഒപ്പോസിഷൻ ലീഡർ മൂന്നുതരം ഉണ്ടെന്ന് ശ്രീ. ഹസ്സൻ സൂചിപ്പിക്കുകയുണ്ടായല്ലോ, അത് അങ്ങ് അംഗീകരിക്കുന്നുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: അത് പ്രതിപക്ഷ നേതാവും ഞാനും കൂടി സംസാരിച്ച് തീർത്തോളാം, രണ്ടുപേരും കൂടി ആയാലേ അത് തീരൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, പ്ലീസ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. അഗസ്തി: സർ, ഞൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. എന്റെ പ്രമേയം ക്ഷീരവ്യവസായത്തിലെ പ്രതിസന്ധിയാണ്. മദ്യവുമല്ല, മാനിഫെസ്റ്റോയുമല്ല.

ശ്രീ. എം. എം. ഹസ്സൻ: അതിൽ നിന്നു മാറുന്നില്ല, ഇവിടെ പറഞ്ഞു തേയിലയുടെ ലേലത്തിലെ അപാകതകൾ പരിഹരിക്കാൻ ഫർഗൂസൺ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും, അതുപോലെ തേയില വിൽപ്പന സംബന്ധിച്ച് അനുകൂലമായ പല തീരുമാനങ്ങളും ഉണ്ടായിട്ടുണ്ട് എന്ന്. ടീ മാർക്കറ്റിംഗ് കൺട്രോൾ ഓർഡർ നടപ്പിലാക്കുകയും ഒരു കിലോ തേയിലയ്ക്ക് ഒരു രൂപ വീതം എക്സൈസ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കി കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ മറ്റു പല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): മുഖ്യമന്ത്രിയുടെ സ്റ്റാന്റിംഗ് കമ്മിറ്റി ഇവിടെ ഒന്നും ചെയ്തില്ല എന്നുപറഞ്ഞു. തേയില വ്യവസായത്തിൽ നിലനിൽക്കുന്ന തോട്ടങ്ങളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ വർഷം തേയിലക്ക് എക്സൈസ് ഡ്യൂട്ടിയിൽ കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ കിഴിവ് അനുവദിക്കുകയും ചെയ്തു.

ശ്രീ. എം. എം. ഹസ്സൻ: അത് പറയുന്നുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ വൈദ്യുതി, കുടിവെള്ളം, വിദ്യാഭ്യാസ സൗകര്യങ്ങൾ ഇതെല്ലാം ജനങ്ങൾക്ക് എത്തിച്ചു കൊടുക്കാൻ നടപടി എടുത്തുകൊണ്ടിരിക്കുകയാണ് എന്നാണ്. പക്ഷെ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇവിടെയുണ്ട്, ഞാൻ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ തോട്ടം മേഖലയെന്നു പറയുമ്പോൾ റബ്ബറും തേയിലയും, എല്ലാം ഉൾപ്പെടുന്നതാണ്. തൊഴിലാളികളുടെ വെൽഫെയർ ആണ് ഉദ്ദേശിക്കുന്നതെങ്കിൽ സർക്കാരിന്റെ ഉടമസ്ഥതയിൽ ഉള്ള ഫാമിംങ് കോർപ്പറേഷനിൽ പത്ത് നാലായിരം തൊഴിലാളികളുണ്ട്, നല്ല നിലയിൽ നടക്കുന്നതാണ്. ഇപ്പോൾ റബ്ബറിന് നല്ല വിലയുണ്ട്, റബ്ബർ വെട്ടുന്നുണ്ട്, ലാഭം ഉണ്ടാക്കുന്നുണ്ട്, ആളുകൾ കൊണ്ടുപോകുന്നുണ്ട്. ചില ഉദ്യോഗസ്ഥൻമാർ കൊണ്ടുപോകുന്നുണ്ട്. എല്ലാപേരും പങ്ക് വയ്ക്കുന്നുണ്ട്. മുമ്പും പങ്കുവച്ചിരുന്നു. ഇപ്പോഴും പങ്ക് വയ്ക്കുന്നു. പക്ഷെ തൊഴിലാളികൾക്ക് അവിടെ ഇപ്പോഴും ഇലക്ട്രിസിറ്റിയില്ല. കുടിക്കാൻ വെള്ളം എത്തിച്ചുകൊടുക്കുന്നില്ല. മനുഷ്യൻ ഇറങ്ങാത്ത സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് താമസിക്കാനെന്നുപറഞ്ഞ് കഴിഞ്ഞ മൂന്നുനാലു വർഷം മുൻപ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്ന് എം. ഡി. ആയിരുന്ന ആൾ പണിതിട്ട

കെട്ടിടങ്ങൾ വെറുതെ കിടക്കുകയാണ്. വെറുതെ കിടക്കുന്നത് അവിടെ കിടക്കട്ടെ, അവിടെ ആന ഇറങ്ങുന്ന കാട്ടിൽപോയി തൊഴിലാളികൾ താമസിക്കുന്നില്ല. തൊഴിലാളികൾക്ക് ആവശ്യവുമില്ല. പക്ഷെ തൊഴിലാളികൾ താമസിക്കുന്ന സ്ഥലത്ത് വൈദ്യുതി നൽകണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിച്ചിരുന്നു, അങ്ങ് ഒരു യോഗം വിളിക്കുമെന്ന് പറഞ്ഞിരുന്നു. അതിനെന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ വേണം അല്ലാതെ സ്വകാര്യമല്ല. നന്നായി നടക്കുന്ന കമ്പനിയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബി. ഗണേഷ്കുമാർ ചൂണ്ടിക്കാണിച്ച കാര്യം, ഗവൺമെന്റ് ഈ ഉടമസ്ഥനെതിരായി നിയമപരമായി നൽകേണ്ട ഈ ആനുകൂല്യം നൽകാത്തതുകൊണ്ട് ആ ഉദ്യോഗസ്ഥനെതിരായിട്ടുള്ള പ്രോസിക്യൂഷൻ നടപടിക്ക്, അദ്ദേഹം ഒരു സെൻട്രൽ സർവീസിൽ ഉള്ള ഉദ്യോഗസ്ഥൻ ആയതുകൊണ്ട് കേന്ദ്രത്തിന്റെ പെർമിഷൻ വേണമെന്നുള്ള നിലപാടാണ്. അതിനിടയിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിരിക്കുകയാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: കേരള സർവീസിലുള്ള കമ്പനിയുടെ മാനേജിംഗ് ഡയറക്ടറെയാണ് ഉദ്ദേശിക്കുന്നത്. ഫാമിംഗ് കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർ കേരള സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത ആളാണ്. മന്ത്രി കേസ്സെടുക്കുന്നത് വേറെ ആളിന്റെ പേരിലാണ്. അത് കെട്ടിടം പണിതതിന്റെ കാര്യത്തിലാണ്. ഞാൻ ചോദിക്കുന്നത് അവിടെ വെൽഫെയർ എന്നുള്ള നിലയിൽ വൈദ്യുതി കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ; ലേബർ മിനിസ്റ്റർ എന്നുള്ള നിലയിൽ അങ്ങ് നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): അത് പ്രത്യേകം പരിശോധിച്ച് വേണ്ടത് ചെയ്യാം.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സാമ്പത്തിക ബാദ്ധ്യതയുള്ള ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഫണ്ട് സമാഹരിക്കാനുള്ള ഉദ്ദേശത്തോടെ ഇടുക്കി ജില്ലാകളക്ടർ ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ച പ്ലാന്റേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ആദ്യ യോഗം ഈ 21-6-2003-ന് നടന്നു. തേയില തോട്ടങ്ങളെ 2003-2004-ലെ പ്ലാന്റേഷൻ ടാക്സിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ച കാര്യം ഇവിടെ ലേബർ മിനിസ്റ്റർ എടുത്തു പറയുകയും ചെയ്തിട്ടുണ്ട്. സർ സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുടർന്നുപ്രവർത്തിക്കാൻ കഴിയാത്ത തോട്ടം ഉടമകൾക്ക് ബാങ്ക് മുഖേന ലോൺ ലഭ്യമാക്കുന്നതിനുവേണ്ടി അക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് അവരെ പിപ്പിച്ച് നടപ്പിലാക്കാനും, സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാരിന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വാണിജ്യ വകുപ്പ് തോട്ടങ്ങളുടെ രക്ഷയ്ക്കായി പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഓരോ തോട്ടത്തിലേയും പ്രശ്നങ്ങൾ വ്യത്യസ്തമായതിനാൽ പ്രതിസന്ധിയിലായ തോട്ടങ്ങൾ ഓരോന്നിന്റേയും പ്രശ്നങ്ങൾ തൊഴിൽ വകുപ്പു മുഖേനയും തൊഴിൽ മന്ത്രി നേരിട്ടും ചർച്ച ചെയ്തു. നടപടികൾ തുടർന്നുവരികയാണ്. സർ, ഇവിടെ ശ്രീ. ഇ. എം. അഗസ്തി ചൂണ്ടിക്കാണിച്ചു സംസ്ഥാന ഗവൺമെന്റ് ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സാദ്ധ്യമായ എല്ലാ ശ്രമങ്ങളും അതിന്റെ മുഴുവൻ കഴിവുകളും വിനിയോഗിക്കാൻ ഇതിനകം ശ്രമിച്ചിട്ടുണ്ടെന്നു പറഞ്ഞു. ആ ശ്രമം തുടരുകയാണ്. ശ്രീ. എ. കെ. മണിയും, ശ്രീ. ഇ. എം. അഗസ്തിയും ആ മേഖലയിലെ പ്രയാസങ്ങൾ ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തുന്നതിൽ—അവരുടെ വിജയമാണ് ഈ പ്രവർത്തനങ്ങൾക്കെല്ലാം പ്രധാനമായ കാരണം. അപ്പുറത്തും ഇപ്പുറത്തുമുള്ള മെമ്പർമാർ പ്രകടിപ്പിച്ച വികാരങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ട് തന്നെ ഗവൺമെന്റ് അതിനുള്ള ശ്രമം തുടരുകയാണ്. സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് ചെയ്യാവുന്ന കാര്യങ്ങളെല്ലാം ചെയ്യും.

ശ്രീ. എ. കെ. മണി: അങ്ങും മുഖ്യമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും കൂടി ശക്തമായി കേന്ദ്ര ഗവൺമെന്റിനോട് ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ കഴിഞ്ഞ ആഴ്ചയിൽ പ്രധാനമന്ത്രി പാകിസ്ഥാൻ ഗവൺമെന്റിനോട് 100 കോടി മില്യൻ ടൺ തേയില കയറ്റുമതി ചെയ്യാനായിട്ട് കരാറുവയ്ക്കാൻ സമ്മതിച്ചിട്ടുണ്ട് എന്ന് പത്രത്തിൽ കണ്ടു അത് വാസ്തവമാണോ?

ശ്രീ. എം. എം. ഹസ്സൻ: ഇതിനകം ആകാംക്ഷയ്ക്ക് വകനൽകുന്ന കാര്യമുണ്ടായി, അത് എന്താണെന്നുവച്ചാൽ പാകിസ്ഥാനിലേയ്ക്ക് ഇൻഡ്യയുടെ ട്രെയിനിംഗ് സംഘം പോയിക്കഴിഞ്ഞു, അവർ നടത്തിയ ചർച്ചയിൽ നമ്മുടെ തേയില വാങ്ങാൻ സാദ്ധ്യതയുള്ളതായ പത്രവാർത്തകൾ നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സോവിയറ്റ് റഷ്യയുടെ തകർച്ച പാകിസ്ഥാനെക്കൊണ്ട് പരിഹരിക്കാൻ കഴിയുമോ എന്നുള്ളതാണ് പ്രതീക്ഷയോടുകൂടി ഉറ്റ് നോക്കിയിരിക്കേണ്ടത്. അവർ ചായ വാങ്ങിയാൽ ചിലപ്പോൾ ഈ പ്രതിസന്ധിയിൽ നമ്മുടെ തേയില കൂടുതൽ കയറ്റി അയയ്ക്കുന്നതിനുള്ള അവസരമുണ്ടാകും. അതുകൊണ്ട് നമുക്ക് അതിനുവേണ്ടി കാത്തിരിക്കാം, അതേ മാർഗ്ഗമുള്ളൂ. തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സാധ്യമായ എല്ലാ ശ്രമങ്ങളും തുടരുന്നതാണ്. സർ, രാജേന്ദ്രൻ ഇവിടെ പറഞ്ഞ കാര്യങ്ങൾക്ക് മന്ത്രിതന്നെ മറുപടി പറഞ്ഞു. കാരണം അത് ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച്, അത് ഹാൽക്കാലികമായി ഏറ്റെടുക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയുകയില്ല. അത് തൊഴിൽ വകുപ്പുമന്ത്രി വ്യക്തമാക്കി. ടീ ബോർഡിന്റെ ശുപാർശയനുസരിച്ച് കേന്ദ്ര ഗവൺമെന്റാണ് അതിന് നടപടി സ്വീകരിക്കേണ്ടത്. കേന്ദ്ര ഗവൺമെന്റ് ആവശ്യമായ എല്ലാ സമ്മർദ്ദവും ചെലുത്തും.—ശ്രീ. കോടിയേരി ബാലകൃഷ്ണൻ തമാശയാണ് പറഞ്ഞതെങ്കിലും കേന്ദ്ര ഗവൺമെന്റുമായിട്ട് ഒരു ഏറ്റുമുട്ടലിന് തയ്യാറല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

ഒരു സംസ്ഥാനമെന്നുള്ള നിലയിൽ രാഷ്ട്രീയ കാര്യങ്ങൾ കൂട്ടി കുഴയ്ക്കേണ്ട കാര്യമില്ല. ഇതിന് കേന്ദ്രത്തിൽ എല്ലാ സമ്മർദ്ദവും സംസ്ഥാന ഗവൺമെന്റ് ചെലുത്തും. അതുകൊണ്ട് ഈ പ്രമേയം അംഗീകരിച്ച് ഈ സഭയുടെ പൊതുവായ വികാരം, ഈ തോട്ടം തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം കാണാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന നമ്മുടെ വികാരം കേന്ദ്രത്തിനെ അറിയിക്കാൻ ഈ പ്രമേയം അംഗീകരിക്കണമെന്ന കാര്യത്തിൽ ഗവൺമെന്റിന് പൂർണ യോജിപ്പാണ് ഉള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: നമുക്ക് ഈ പ്രമേയം യുനാനിമസ് ആയിട്ട് പാസാക്കാമല്ലോ.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(2) പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിസന്ധി പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും കേന്ദ്ര ഗവൺമെന്റ് സാമ്പത്തികസഹായം അനുവദിക്കണമെന്ന ആവശ്യം

ശ്രീ. ബിനോയ് വിശ്വം: ശ്രീ. മാങ്കോട് രാധാകൃഷ്ണൻ അധികാരപ്പെടുത്തിയതനുസരിച്ച് താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. സർ, എന്റെ ആദ്യത്തെ അപേക്ഷ മുൻ പ്രമേയത്തിൽ ചെയ്തതുപോലെ തന്നെ ഈ പ്രമേയവും പ്രബുദ്ധമായ ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കണമെന്നാണ്. പ്രമേയത്തിലെ വാചകം ഇങ്ങനെയാണ്. "കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തെറ്റായ സാമ്പത്തിക നയങ്ങളുടേയും ആഗോളവൽക്കരണ നയങ്ങൾ നടപ്പിലാക്കുന്നതിന്റെയും ഫലമായി സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങൾ ഗുരുതരമായ പ്രതിസന്ധിയിലാണ്. 45 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന കയർ കശുവണ്ടി, ബീഡി, കൈത്തറി, ബാംബൂ, ഓട് തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളെല്ലാം വൻ തകർച്ച നേരിടുകയാണ്. പട്ടിണിയും ദാരിദ്ര്യവും മൂലം തൊഴിലാളികൾ ആത്മഹത്യ ചെയ്യുന്നതും പട്ടിണി കിടന്ന് മരിക്കുന്നതും, ചികിൽസ കിട്ടാതെ ജീവൻ നഷ്ടപ്പെടുന്നതും കയർ, കശുവണ്ടി, തോട്ടം തുടങ്ങിയ മേഖലകളിൽ വർദ്ധിച്ചുവരുന്നു. കള്ള് ചെത്ത്, മൽസ്യ വ്യവസായ മേഖലകളിലെ സ്തംഭനവും തേയിലതോട്ടങ്ങൾ പൂട്ടിക്കിടക്കുന്നതുമൂലമുള്ള തൊഴിൽ നഷ്ടവും വർദ്ധിച്ചുവരുന്നു. ഈ സാഹചര്യത്തിൽ പരമ്പരാഗത വ്യവസായങ്ങളുടെ നിലനിൽപ്പിനും വ്യവസായ-തൊഴിൽ സംരക്ഷണത്തിനും അതിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ജീവിതം വഴിമുട്ടിയ തൊഴിലാളികൾക്ക് ആവശ്യമായ സാമ്പത്തികസഹായം അനുവദിക്കണമെന്നും ഈ സഭ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു." സർ, യാതൊരുവിധ തർക്കവും കൂടാതെ, എതിർപ്പുകൾ ഒന്നുമില്ലാതെ ഈ സഭയ്ക്ക് ഈ പ്രമേയം ഒരേ മനസാക്ഷിയോടുകൂടി പാസ്സാക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. അതിനുള്ള ഇച്ഛയും സാമൂഹികപ്രതിബദ്ധതയും കേരള നിയമസഭയ്ക്ക് ഉണ്ടാകണം എന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇതിൽ പറയുന്ന കാര്യങ്ങളൊന്നും കക്ഷി

LIBRARY ARCHIVES Kerala Legislative Assembly